بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ　　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

ലക്കം 29

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്‌മായീൽ

www.akhbarbadrqadian.in

2021 ജൂലായ് 22/ഹി.ശം. 1400 വഫാ 22/1442 ദുൽഹജ്ജ 11


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا لَا تَتَّخِذُوا الَّذِیۡنَ اتَّخَذُوۡا دِیۡنَکُمۡ ہُزُوًا وَّلَعِبًا مِّنَ الَّذِیۡنَ اُوۡتُوا الۡکِتٰبَ مِنۡ قَبۡلِکُمۡ وَالۡکُفَّارَ اَوۡلِیَآءَ ۚ وَاتَّقُوا اللّٰہَ اِنۡ کُنۡتُمۡ مُّؤۡمِنِیۡنَ

(سورة المائدة)

'വിശ്വസിച്ചവരേ! നിങ്ങൾക്കുമുമ്പേ ഗ്രന്ഥം നലക്പ്പെട്ടവരിൽനിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിയവരേയും മറ്റു അവിശ്വാസികളേയും നിങ്ങൾ മിത്രങ്ങളായി സ്വീകരിക്കരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.'(5:58)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1378) ഇബ്നു അബ്ബാസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു; നബി(സ) തിരുമേനി ഒരിക്കൽ രണ്ടു ഖബറുകളുടെ അടുത്തൂടെ പോയി. അവിടന്ന് പറഞ്ഞു: അവർക്ക് ശിക്ഷ കൊടുത്തുകൊണ്ടിരിക്കുകയാണ്. വൻ കുറ്റത്തിന്റെ പേരിലൊന്നുമല്ല അവർ ശിക്ഷിക്കപ്പെടുന്നത്. അവരിൽ ഒരാൾ ഏഷണിക്കാരനായിരുന്നു. ഇതരനാവട്ടെ മൂത്രിക്കുമ്പോൾ മറ സ്വീകരിച്ചില്ല. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: പിന്നീട് അവിടന്ന് ഒരു പച്ച കമ്പ് എടുത്ത് അതു രണ്ടായി ഒടിച്ചു. അതു രണ്ടും ഓരോ ഖബറിന്റേയും മേൽ നാട്ടി. എന്നിട്ട് പറഞ്ഞു: ഇവ ഉണങ്ങാതിരിക്കുന്നതുവരെ ഇവരുടെ ശിക്ഷ ലഘൂകരിക്കപ്പെട്ടേക്കാം.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നാം മലക്കുകളിലും ദൈവഗ്രന്ഥങ്ങളിലും നബി(സ)തിരുമേനിയുടെ ഹദീഥുകളിലും സ്വർഗത്തിലും നരകത്തിലും ഖബർശിക്ഷയിലും വിധിയിലും പുനരുഥാനത്തിലുമെല്ലാം സത്യഹൃദയത്തോടെ വിശ്വസിക്കുന്നു. നാം അത്തരം കാര്യങ്ങളുടെ വിശദീകരണങ്ങൾ അല്ലാഹുവിനെ ഏല്പിക്കുന്നു. കാരണം മതത്തിന്റെ കരുതൽ എന്നു പറയുന്നത് മനുഷ്യൻ സംക്ഷിപ്തമായതിൽ വിശ്വസിക്കുകയും വിശദീകരണങ്ങൾ അല്ലാഹുവിനെ ഏല്പിക്കുകയും ചെയ്യുക എന്നതാണ്.' *(മൽഫൂദാത്ത് വാല്യം 5, പേജ് 134, 2003 ഖാദിയാൻ എഡിഷൻ)*

(1381) ഹദ്റത്ത് അനസ്(റ)നിവേദനം:നബി(സ) തിരുമേനി പറഞ്ഞു: ' മുസ്‌ലിമായ ഒരു മനുഷ്യന് പ്രായപൂർത്തിയാകാത്ത മൂന്നു കുട്ടികൾ മരിച്ചാൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. അവൻ അവർക്കു ചെയ്ത കാരുണ്യത്തിന്റെ ശ്രേഷ്ഠത കാരണം. *(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽ ജനാഇസ് 2006 ഖാദിയാൻ പ്രസിദ്ധീ കരണം)*

****


The Weekly BADR Qadian (Malayalam)

*https://www.akhbarbadrqadian.in/*


****

## ഈ ലക്കത്തിൽ


ഖുത്ബ 2021 ജൂൺ 18 (സമ്പൂർണ്ണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019


**അല്ലാഹു നബിമാരിലുണ്ടായിരുന്ന വിവിധ തരത്തിലുള്ള ശ്രേഷ്ഠതകളെല്ലാം നബി(സ)തിരുമേനിയിലും വിവിധഗ്രന്ഥങ്ങളിലുണ്ടായിരുന്ന വിവിധ തരത്തിലുള്ള ശ്രേഷ്ഠതകളെല്ലാം വിശുദ്ധ ഖുർആനിലും അപ്രകാരംതന്നെ സകലസമുദായങ്ങളിലും എത്രത്തോളം ശ്രേഷ്ഠതകളുണ്ടോ അതെല്ലാം ഈ സമുദായത്തിലും ഒരുമിച്ചുകൂട്ടി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### നബി(സ)തിരുമേനിയുടെ നിയോഗവും ഖുർആൻ ഇറങ്ങിയതിന്റെ ഉദ്ദേശ്യവും

നബിമാരെ അയക്കുന്നവനായ അല്ലാഹു അവസാനമായി നബി(സ)തിരുമേനിയെ ഈ ലോകത്തിന്റെ സന്മാർഗത്തിനു വേണ്ടി അയച്ചു. വിശുദ്ധ ഖുർആനിനെ ഇറക്കിയപ്പോൾ അതിന്റെ ഉദ്ദേശ്യമെന്തായിരുന്നു? ഓരോ വ്യക്തിയും ചെയ്യുന്ന ജോലിക്ക് എന്തെങ്കിലുമൊക്കെ ഉദ്ദേശ്യമുണ്ടായിരിക്കുന്നതാണ്. വിശുദ്ധ ഖുർആൻ ഇറക്കിയതിനും നബി(സ)തിരുമേനിയെ നിയോഗിച്ചതിനും അല്ലാഹുവിന് ഒരു ഉദ്ദേശ്യവും ലക്ഷ്യവുമില്ലെന്നു വിചാരിക്കുന്നത് അങ്ങേയറ്റത്തെ ഔദ്ധത്യവും അപമര്യാദയുമാണ്. കാരണം അതിൽ (മആദല്ലാഹ്)അല്ലാഹു പാഴായ ജോലി ചെയ്തുവെന്ന കുറ്റപ്പെടുത്തലാണുണ്ടാകുന്നത്. വാസ്തവത്തിൽ അവന്റെ സത്ത പരിശുദ്ധമാണ്. (സുബ്ഹാനഹൂ വ തആലാ ശഅ്നഹൂ)

അതിനാൽ ഓർക്കുക!ശ്രേഷ്ഠമായ ഗ്രന്ഥം അയച്ചതും നബി(സ)തിരുമേനിയെ നിയോഗിച്ചതുംകൊണ്ട് അല്ലാഹു ആഗ്രഹിച്ചത് ലോകത്തിനുമേൽ മഹത്തായ കാരുണ്യത്തിന്റെ മാതൃക കാണിക്കണമെ ന്നാണ്. **വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽആലമീൻ** (അമ്പിയാ:108)എന്നു പറഞ്ഞതുപോലെ. അപ്രകാരംതന്നെ വിശുദ്ധ ഖുർആൻ അയച്ചതിന്റെ ഉദ്ദേശ്യം ഹുദൻല്ലിൽമുത്തഖീൻ(2:3)എന്നു പറഞ്ഞിരിക്കുന്നു. ഈ അതുല്യമായ മാതൃക എങ്ങും കാണുകയില്ല. അതുകൊണ്ട് അല്ലാഹു ആഗ്രഹിച്ചതനുസരിച്ച് നബിമാരിലുണ്ടായിരുന്ന വിവിധ തരത്തിലുള്ള ശ്രേഷ്ഠതകളെല്ലാം നബി(സ)തിരുമേനിയിലും വിവിധഗ്രന്ഥങ്ങളിലുണ്ടായിരുന്ന വിവിധ തരത്തിലുള്ള ശ്രേഷ്ഠതകളെല്ലാം വിശുദ്ധ ഖുർആനിലും അവൻ ഒരുമിച്ചുകൂട്ടി. അപ്രകാരംതന്നെ സകലസമുദായങ്ങളിലും എത്രത്തോളം ശ്രേഷ്ഠതകളുണ്ടോ അതെല്ലാം ഈ സമുദായത്തിലും ഒരുമിച്ചുകൂട്ടി. നമ്മൾ ഈ ശ്രേഷ്ഠതകളെല്ലാം പ്രാപിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അവൻ മഹത്തായ ശ്രേഷ്ഠതകൾ നമുക്ക് തരാൻ ആഗ്രഹിക്കുന്നതുപോലെ അതനുസരിച്ചുള്ള കഴിവുകളും നമുക്കു നല്കിയിരിക്കുന്നു എന്ന കാര്യവും നമ്മൾ മറക്കാൻ പാടില്ല. കാരണം അതനുസരിച്ച് കഴിവുകൾ നല്കിയിരുന്നില്ലെങ്കിൽ നമുക്ക് ആ ശ്രേഷ്ഠതകൾ ഒരു തരത്തിലും ഒരുപ്രകാരത്തിലും പ്രാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അതിന്റെ ഉദാഹരണം, ഒരാൾ ഒരു സംഘമാളുകളെ ഭക്ഷണത്തിനു ക്ഷണിക്കുമ്പോൾ തീർച്ചയായും അതനുസരിച്ച് ഭക്ഷണവുമുണ്ടാക്കുന്നു. അതനുസരിച്ച് ഒരു വീടും ഉണ്ടാകണം. ആയിരംപേരെ ഭക്ഷണത്തിനു ക്ഷണിക്കുകയും അവർക്കിരിക്കുന്നതിനുവേണ്ടി ഒരു ഒരു ചെറിയ പന്തലിടുകയും ചെയ്യുക എന്നത് ഒരിക്കലുമുണ്ടാവില്ല. മറിച്ച് അയാൾ ആ ആളുകളെയെല്ലാം പരിഗണിച്ച് പ്രവൃത്തിക്കുന്നതായിരിക്കും. ഇപ്രകാരം അല്ലാഹുവിന്റെ ഗ്രന്ഥവും ഒരു ക്ഷണവും ആതിഥ്യവുമാണ്. അതിനുവേണ്ടി മുഴുവൻ ജനങ്ങളേയും ക്ഷണിച്ചിരിക്കുന്നു. ആ അതിഥിസൽക്കാരത്തിനുവേണ്ടി അല്ലാഹു തയ്യാറാക്കിയിട്ടുള്ള വീട് അവർക്ക് നല്കപ്പെട്ടിരിക്കുന്ന കഴിവുകളാണ്. കഴിവില്ലാതെ ഒരു ജോലിയും നടക്കുകയില്ല. ഇനി കാള, നായ അല്ലെങ്കിൽ മറ്റേതെങ്കിലും മൃഗത്തിന്റെ മുമ്പിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ അവ അത് മനസ്സിലാക്കുകയില്ല. കാരണം അവയിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ സഹിക്കാനുള്ള കഴിവുകളില്ല. പക്ഷേ, അല്ലാഹു നമുക്ക് അതിൽനിന്ന് ഫലമെടുക്കാനുള്ള കഴിവുകൾ നല്കിയിരിക്കുന്നു. *(മൽഫൂദാത്ത് വാല്യം 1, പേജ് 310 - 311, 2018 ഖാദിയാൻ പ്രസിദ്ധീകരണം)*

**ബഹാഇകൾ ഓരോ രാജ്യത്തുംപോയി വെവ്വേറെ നിയമങ്ങളാണുണ്ടാക്കുന്നത്. ഇതേ അവസ്ഥതന്നെയാണ് ക്രിസ്ത്യാനികളുടേതും. ഇതിനെതിരിൽ ഇസ്‌ലാമിന്റെ എല്ലാ അധ്യാപനങ്ങളും ഒരേയൊരു വേരിലാണ് നിലകൊള്ളുന്നത്. കുറയ്ക്കുന്നതിനോ കൂട്ടുന്നതിനോ ആവശ്യം വന്നിട്ടില്ല. ഇസ്‌ലാം ആരംഭംമുതൽ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നു പറഞ്ഞു. പിന്നീട് ഒരു മാറ്റവും അതിൽ ഉണ്ടായിട്ടില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഇബ്റാഹീം ഏഴാം വചനമായ

وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ اجْتُثَّتْ مِن فَوْقِ الْأَرْضِ مَا لَهَا مِن قَرَارٍ

എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: **ശജറ ത്വയ്യിബക്ക്** (പരിശുദ്ധ വൃക്ഷം) എതിരിൽ വ്യാജമതങ്ങളെ സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഇവയാണ്: (1) അതിന്റെ രൂപം വെറുക്കപ്പെട്ടതായിരിക്കും. (2) ഉന്നതവും ദുഷിച്ചതുമായ അധ്യാപനങ്ങളെ കൂട്ടിച്ചേർത്ത് സമർപ്പിക്കുന്നതായിരിക്കും (3) ഉന്നതമായ ഫലങ്ങൾ അതിനുണ്ടാകുകയില്ല. അതായത് അതിലൂടെ നടന്ന് അല്ലാഹുവരെ എത്തുന്ന ഒരു മനുഷ്യനും ജനിക്കുകയില്ല; 'ബഹാഇ' മതംപോലെ. അതു പ്രത്യക്ഷപ്പെട്ടിട്ട് ഏകദേശം 90 വർഷമായി.(അതായത് ബാബിന്റെ വാദം മുതൽ ഇപ്പോൾ വരെ). പക്ഷേ, ആ അധ്യാപനത്തിലൂടെ നടന്ന് അല്ലാഹു താനുമായി സംസാരിക്കുന്നുവെന്ന് പറയുന്ന ഒരു മനുഷ്യൻപോലും ഉണ്ടായിട്ടില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിട്ട് ഇപ്പോൾ കുറച്ചു കാലമേ ആയിട്ടുള്ളു. അല്ലാഹു സംസാരിച്ചിട്ടുള്ള നൂറുക്കണക്കിനാളുകളെ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ എണ്ണാൻ കഴിയും. 'മാലഹാ മിൻ ഖരാറിൻ' (1) അതിന് ഒരു രാജ്യത്തും അടിയുറപ്പില്ല. അതായത് അതിനെ പരീക്ഷിച്ചറിഞ്ഞ് ലോകത്തിന് എന്തെങ്കിലും ഫലത്തിലെത്തിച്ചേരാൻ അവസരം തന്നെ നല്കപ്പെടുന്നില്ല. അനുഭവമൊന്നുമില്ലാതെ തന്നെ അത് മരിച്ചുപോകുന്നു. (2) അതിന്റെ


(ശേഷം പേജ് 12 ൽ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഉമർ ജലീലുൽഖദ്ർ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ ന്യായത്തിന്റേയും നീതിയുടേയും ഉദാഹരണം ദുൻയാവിന്റെ സ്ക്രീനിൽ വളരെ കുറച്ചേ കാണുകയുള്ളു.**

**ഞാൻ എന്റെ റബ്ബിനെ കുമുട്ടുകയും അവനെന്നോടു ചോദിക്കുകയും ചെയ്യുമ്പോൾ 'ഞാൻ നിന്റെ ദാസരിൽ ഉത്തമനായവനെ നിന്റെ ദാസരുടെമേൽ ഖലീഫയാക്കി' എന്നു പറയും.**

**ഹദ്റത്ത് ഉമറിന്റെ ദേഷ്യത്തെ സംബന്ധിച്ച് വന്നിരിക്കുന്നു, ആരോ അദ്ദേഹത്തോടു ചോദിച്ചു, ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പേ അങ്ങ് വലിയ ദേഷ്യക്കാരനായിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: ദേഷ്യം അതുതന്നെയാണ് ഇപ്പോഴും. പക്ഷേ, അന്ന് അസ്ഥാനത്താണ് നടന്നിരുന്നത്. എന്നാൽ, ഇപ്പോൾ സ്ഥാനത്ത് നടക്കാൻ തുടങ്ങിയിരിക്കുന്നു.**

**ഹദ്റത്ത് ഉമർ മിമ്പറിൽ കയറിയപ്പോൾ ആദ്യം പറഞ്ഞത് ഇതായിരുന്നു:**

اَللّٰهُمَّ اِنِّیْ شَدِیْدٌ فَلَیِّنِّیْ وَاِنِّیْ ضَعِیْفٌ فَقَوِّنِیْ وَاِنِّیْ بَخِیْلٌ فَسَخِّنِیْ

**'അല്ലാഹുവേ ഞാൻ കഠിന പ്രകൃതനാണ്, നീ എന്നെ സൗമ്യനാക്കിയാലും. ഞാൻ ദുർബലനാണ്. നീ എന്നെ ബലവാനാക്കിയാലും. ഞാൻ പിശുക്കനാണ് നീ എന്നെ ധർമശീലനാക്കിയാലും.'**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഏഴ് പരേതാത്മാക്കൾ: ഫയ്ള് അഹ്മദ് ഗുജറാത്തിയുടെ ഭാര്യ സുഹയ്ല മഹ്ബൂബ് സാഹിബ,രാജാ ഖുർശീദ് അഹ്മദ് മുനീർ സാഹിബ്, ഉമീർ അഹ്മദ് നദീം സാഹിബ്, ഈസാ മവാക്കി തലീമ(Issa Mwaki Talima)സാഹിബ്,ശെയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബ് സൂപ്പർവൈസർ നള്വാമത്തെ തഅ്മീർ ഖാദിയാൻ, സയ്ഫ് അലി ശാഹിദ് സാഹിബ്, റശീദ് അഹ്മദ് ഹയാത്ത് സാഹിബിന്റെ മകൻ മസ്ഊദ് അഹ്മദ് ഹയാത്ത് സാഹിബ് എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2021 ജൂൺ 18/1400 ഹിജ്റത്ത് 18,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِیْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّیْطٰنِ الرَّجِیْمِ ﴿﴾ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِیْمِ ﴿﴾
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِیْنَ ﴿﴾ الرَّحْمٰنِ الرَّحِیْمِ ﴿﴾ مٰلِكِ یَوْمِ الدِّیْنِ ﴿﴾ اِیَّاكَ نَعْبُدُ وَاِیَّاكَ نَسْتَعِیْنُ ﴿﴾
اِهْدِنَا الصِّرَاطَ الْمُسْتَقِیْمَ ﴿﴾ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْهِمْ ۙ۬ غَیْرِ الْمَغْضُوْبِ عَلَیْهِمْ وَلَا الضَّآلِّیْنَ ﴿﴾

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള വിവരണമാണ് കുറച്ചുകാലമായി നടന്നു വരുന്നത്. ഹദ്റത്ത് അബൂബക്റിന്റെ മരണം അടുത്തപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ അദ്ദേഹം വിളിപ്പിച്ചു. എന്നിട്ട് ഹദ്റത്ത് ഉമറിനെ കുറിച്ച് തന്നോടു പറയുക എന്നു പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബ്ദുർറഹ് മാൻ ബിൻ ഔഫ് പറഞ്ഞു: 'റസൂലുല്ലായുടെ ഖലീഫയായുള്ളോരേ! അല്ലാഹുവാണ! ഹദ്റത്ത് ഉമർ അങ്ങ് കരുതുന്നതിലും കൂടുതൽ ശ്രേഷ്ഠനാണ്; അല്പം കഠിനപ്രകൃതനാണെന്നുമാത്രം.' ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'എന്നിൽ സൗമ്യത കാണുന്നതുകൊണ്ടാണ് അദ്ദേഹം കാഠിന്യം കാണിക്കുന്നത്. അദ്ദേഹം അമീറാകുകയാണെങ്കിൽ തന്നിലുള്ള ഒരുപാടു കാര്യങ്ങൾ ഉപേക്ഷിക്കുന്നതാണ്. കാരണം ഞാനാരോടെങ്കിലും കഠിനമായി പെരുമാറുമ്പോൾ ആ വ്യക്തിയിൽ എനിക്കു തൃപ്തിവരുത്താനായി അദ്ദേഹം ശ്രമിക്കുന്നത് ഞാൻ കാണാറുണ്ട്. അതുപോലെ ഞാനാരോടെങ്കിലും സൗമ്യമായി പെരുമാറുകയാണെങ്കിൽ അദ്ദേഹം അയാളോടു ഞാൻ കഠിനമായി പെരുമാറാനും പറയാറുണ്ട്.' ശേഷം ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനെ വിളിപ്പിച്ചു. അദ്ദേഹത്തോടും ഹദ്റത്ത് ഉഥ്മാനെക്കുറിച്ച് ചോദിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: 'അദ്ദേഹത്തിന്റെ അകം പുറത്തെക്കാൾ ഉത്തമമാണ്. ഞങ്ങളുടെ ഇടയിൽ അദ്ദേഹത്തെപ്പോലെ മറ്റാരുമില്ല.' അപ്പോൾ ഹദ്റത്ത് അബൂബക്ർ രണ്ടുസ്വഹാബത്തിനോടും ഞാൻ നിങ്ങളോടു രഹസ്യമായി ചോദിച്ച കാര്യം മറ്റാരോടും പറയരുതെന്നു പറഞ്ഞു. തുടർന്നു പറഞ്ഞു: 'ഞാൻ ഒരുവേള ഹദ്റത്ത് ഉമറിനെ ഒഴിവാക്കുകയാണെങ്കിൽ ഹദ്റത്ത് ഉഥ്മാനെ വിട്ട് മറ്റാരേയും തിരഞ്ഞെടുക്കുമായിരുന്നില്ല.' അതായത് അദ്ദേഹം ഈ രണ്ടുപേരേയുമാണ് ഖിലാഫത്തിന്റെ കടമകൾ നിറവേറ്റാൻ കൂടുതൽ പ്രാപ്തരായി കണക്കാക്കിയിരുന്നത്. തുടർന്നു പറഞ്ഞു: 'അതുപോലെ ഇരുവരും നിങ്ങളുടെ അതായത് (മുസ്ലിമീങ്ങളുടെ) കാര്യത്തിൽ ഒരുവിധ കുറവും വരുത്തുകയുമില്ല.' ഞാനാഗ്രഹിക്കുന്നത് ഇനി വിട്ടുനില്ക്കാനും നിങ്ങളുടെ പൂർവികരിൽ ഉൾപ്പെടാനുമാണ്.

അബൂബക്ർ രോഗാവസ്ഥയിൽ തുടരുമ്പോൾ ഹദ്റത്ത് ത്വൽഹാ ബിൻ ഉബയ്ദുല്ലാഹ് അദ്ദേഹത്തിന്റെ അടുത്തുവന്നു. എന്നിട്ടു പറഞ്ഞു: 'അങ്ങ് ഹദ്റത്ത് ഉമറിനെ ജനങ്ങളുടെ ഖലീഫയാക്കിയല്ലേ? താങ്കൾ ഉണ്ടായിരിക്കെത്തന്നെ അദ്ദേഹം ആളുകളോടു എത്ര കഠിനമായാണ് പെരുമാറുന്നതെന്ന് താങ്കൾ കാണുന്നുണ്ടല്ലോ? എന്നിരിക്കെ അദ്ദേഹം തനിച്ചായാൽപ്പിന്നെ എന്തായിരിക്കും സ്ഥിതി. താങ്കൾ താങ്കളുടെ നാഥനുമായി കണ്ടുമുട്ടുമ്പോൾ അവൻ താങ്കളോടു താങ്കളുടെ പ്രജകളെക്കുറിച്ച് എന്തായാലും അന്വേഷിക്കുന്നതാണ്.' അപ്പോൾ ഹദ്റത്ത് അബൂബക്ർ തന്നെ പിടിച്ചിരുത്താൻ പറഞ്ഞു. അദ്ദേഹത്തെ താങ്ങിപ്പിടിച്ചിരുത്തിയപ്പോൾ ഇപ്രകാരം ചോദിച്ചു: 'താങ്കളെന്നെ അല്ലാഹുവിന്റെ പേരിൽ ഭയപ്പെടുത്തുകയാണോ? ഞാനെന്റെ നാഥനെ കണ്ടുമുട്ടുമ്പോൾ അവൻ എന്നോടു അക്കാര്യം ചോദിച്ചാൽ എന്റെ മറുപടി, ഞാൻ നിന്റെ ദാസരിൽവച്ച് ഏറ്റവും ഉത്തമനായ ദാസനെയാണ് അവരുടെ ഖലീഫയാക്കിയതെന്നായിരിക്കും.' എന്നിട്ട് അദ്ദേഹം ഹദ്റത്ത് ഉഥ്മാനെ തന്റെ അടുക്കലേക്ക് വിളിച്ചു വരുത്തി. ഹദ്റത്ത് ഉമറിനെക്കുറിച്ച് വസ്വിയ്യത്ത് എഴുതിപ്പിക്കാനായിരുന്നു അത്. എന്നിട്ടു പറഞ്ഞു: 'എഴുതുക,

ബിസ്മില്ലാഹിർറഹ്മാനിർറഹിം. മുസ്‌ലിമീങ്ങൾക്കുവേണ്ടി അബൂഖുഹാഫായുടെ മകൻ അബൂബക്റിന്റെ വസിയ്യത്താണിത്.' ഇത്രയും പറഞ്ഞപ്പോൾ അദ്ദേഹത്തിന് ബോധക്ഷയമുണ്ടായി. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ സ്വന്തമായി ഇങ്ങനെ എഴുതിച്ചേർത്തു. ഞാൻ നിങ്ങളുടെ ഖലീഫയായി ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനെ നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ ക്ഷേമകാര്യത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല. തുടർന്ന് ഹദ്റത്ത് അബൂബക്റിന് ബോധം വീണ്ടുകിട്ടിയപ്പോൾ എന്താണ് എഴുതിയിരിക്കുന്നതെന്ന് തന്നെ വായിച്ചു കേൾപ്പിക്കാൻ പറഞ്ഞു. ഹദ്റത്ത് ഉഥ്മാൻ(റ)അതു വായിച്ചുകേൾപ്പിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അല്ലാഹു അക്ബർ എന്നു ചൊല്ലിക്കൊണ്ട് പറഞ്ഞു: 'ഞാൻ കരുതുന്നത് ഞാൻ ബോധം തെളിയാതെ മരിക്കുകയാണെങ്കിൽ ജനങ്ങൾക്കിടയിൽ അഭിപ്രായഭിന്നത ഉടലെടുക്കുമെന്ന് താങ്കൾ ഭയന്നുവെന്നാണ്.' ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു: 'അതേ!അതു തന്നെയാണ് വാസ്തവം.' അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലാഹു ഇസ്‌ലാമിന്റേയും മുസ്‌ലിമീങ്ങളുടേയും ഭാഗത്തുനിന്ന് താങ്കൾക്ക് പ്രതിഫലം നല്കുമാറാകട്ടെ.' *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാല്യം 2, പേജ് 272-273, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003)*

ഹദ്റത്ത് ഉഥ്മാൻ എഴുതിയ 'ഹദ്റത്ത് ഉമറിനെ ഖലീഫയാക്കണം' എന്ന വാക്യത്തെ അദ്ദേഹം എതിർത്തില്ല. ത്വബരിയുടെ ചരിത്ര ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു, മുഹമ്മദ് ബിൻ ഇബ്റാഹീം ബിൻ ഹാരിഥ് ഇപ്രകാരം വിവരിക്കുന്നു, ഹദ്റത്ത് അബൂബക്ർ(റ)ഹദ്റത്ത് ഉഥ്മാനെ വിളിപ്പിച്ചു. എന്നിട്ട് ഇപ്രകാരം എഴുതാൻ നിർദേശം നല്കി: 'എഴുതുക, ബിസ്മില്ലാഹിർറഹ്മാനിർറഹിം. മുസ്‌ലിമീങ്ങൾക്കുവേണ്ടി അബൂഖുഹാഫാ ബിൻ അബൂബക്ർ എഴുതിക്കുന്ന വസിയ്യത്ത്.' നിവേദകൻ പറയുന്നു: അതിനുശേഷം ഹദ്റത്ത് അബൂബക്ർ ബോധരഹിതനായി. അതുകഴിഞ്ഞ് മുമ്പേ വിവരിച്ചതുപോലെ ഹദ്റത്ത് അബൂബക്റിന് സ്വബോധം വീണ്ടുകിട്ടിയപ്പോൾ ഹദ്റത്ത് ഉഥ്മാനോടു എഴുതിയത് വായിച്ചു കേൾപ്പിക്കാൻ അദ്ദേഹം പറഞ്ഞു. എന്നിട്ട് ഇവിടെ വിവരിച്ചതുപോലെ അദ്ദേഹം അല്ലാഹു അക്ബർ എന്നു ചൊല്ലി. അതിനുശേഷം ഹദ്റത്ത് അബൂബക്ർ പറഞ്ഞു, 'അല്ലാഹു താങ്കൾക്ക് ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുംവേണ്ടി സൽഫലം പ്രദാനം ചെയ്യുമാറാകട്ടെ.' ഹ്ദറത്ത് ഉഥ്മാൻ എഴുതിച്ചേർത്ത് വാക്യം ഹദ്റത്ത് അബൂബക്ർ അതേപോലെ നിലനിറുത്തി. ഒരു വിധമാറ്റവും വരുത്തിയില്ല. (താരീഖു അത്ത്വബ്‌രി, വാല്യം 2, പേജ് 353, ഹിജ്റ 13, ദിക്ർ ഇസ്തിഖ്‌ലാഫ് ഉമർ ബിൻ അൽഖത്ത്വാബ് ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)

ഒരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ഉഥ്മാനെ വിളിപ്പിക്കുകയും ഖലീഫയെ നിശ്ചയിക്കുന്നതിന് താങ്കളുടെ അഭിപ്രായമെന്താണെന്ന് ആരായുകയും ചെയ്തു. അല്ലാഹുവാണ! താങ്കൾ അഭിപ്രായം നല്കാൻ വളരെ യോഗ്യനാണെന്ന് ഞാൻ വിശ്വസിക്കുന്നു. അപ്പോൾ അദ്ദേഹം ഹദ്റത്ത് ഉമറിന്റെ പേരു പറഞ്ഞു. അപ്പോൾ അബൂബക്ർ അത് എഴുതിക്കാൻ തുടങ്ങി. പേരെത്താറായപ്പോൾ അദ്ദേഹം ബോധരഹിതനായി. തുടർന്ന് ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഉമർ എന്നെഴുതുക.'

ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് ആഇശാ(റ)വിവരിക്കുന്നു: ഹദ്റത്ത് അബൂബക്റിന്റെ വസിയ്യത്ത് ഹദ്റത്ത് ഉഥ്മാൻ എഴുതുകയായിരുന്നു. അദ്ദേഹത്തിൽ അബോധാവസ്ഥ ഉണ്ടായി. ഹദ്റത്ത് ഉഥ്മാൻ ഹദ്റത്ത് ഉമറിന്റെ പേരെഴുതി. അബൂബക്ർ സുഖം പ്രാപിച്ചപ്പോൾ താങ്കളെന്താണ് എഴുതിയതെന്ന് ഉഥ്മാനോടു ചോദിച്ചു. താനെഴുതിയത് ഉമറെന്നാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ താങ്കളോടു പറയാൻ തീരുമാനിച്ചതു തന്നെയാണ് താങ്കളെഴുതിയതെന്ന് ഹദ്റത്ത് അബൂബക്ർ ഉഥ്മാനോടു പറഞ്ഞു. ഇനി താങ്കൾ താങ്കളുടെ പേരുതന്നെ എഴുതിയാലും താങ്കളും അതിന് അർഹനായിരുന്നു. *(സീറത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ഇബ്നുജൂസി, പേജ് 44-45, ഫീ ദിക്‌രി അഹ്ദി അബീബക്ർ...... അൽമത്ബഅത്തിൽ മിസ്‌രിയ്യ അൽഅസ്ഹർ)*

ഒരു നിവേദനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ) രോഗിയായപ്പോൾ അവിടന്ന് ഹദ്റത്ത് അലിയ്ക്കും ഹദ്റത്ത് ഉഥ്മാനും മുഹാജിരീങ്ങളിലും അൻസ്വാറിലുംപെട്ട കുറച്ചാളുകൾക്കും സന്ദേശമയച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന സമയം ഇപ്പോൾ വന്നെത്തിയിരിക്കുന്നു. നിങ്ങൾക്ക് കല്പന നല്കുന്നതിന് ആരും എഴുന്നേറ്റു നിന്നിട്ടില്ല. നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങളിൽനിന്ന് ആരെയെങ്കിലും തിരഞ്ഞെടുക്കുക. ഇനി നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കാം. 'അങ്ങ് ഞങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്താലും' എന്ന് അവർ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് ഉഥ്മാനോടു പറഞ്ഞു, 'എഴുതുക. ഇത് അബൂ ഖുഹാഫായുടെ മകൻ ഈ ലോകത്തുനിന്ന് വിടപറയുന്നതിനുമുമ്പേയുള്ള അവസാനത്തേയും പരലോകത്ത് പ്രവേശിക്കുമ്പോഴുള്ള ആദ്യത്തേയും ഉടമ്പടിയാണ്. പരലോകത്തുവച്ച് അധർമികൾ പശ്ചാത്തപിക്കുകയും അവിശ്വാസികൾ വിശ്വാസം സ്വീകരിക്കുകയും വ്യാജപ്പെടുത്തുന്നവർ സാക്ഷി പറയുന്നതുമാണ്. ആ ഉടമ്പടി ഇതാണ്. ആരാധനയക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദു(സ)അവന്റെ ദാസനും ദൂതനുമാണെന്നും സാക്ഷ്യം വഹിക്കുന്നു. ഞാൻ ഖലീഫയായി നിശ്ചയിക്കുന്നതെന്ന്' പറഞ്ഞതും ഹദ്റത്ത് അബൂബക്ർ അബോധാവസ്ഥയിലായി. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ സ്വയമേവ ഉമർ ബിൻ ഖത്ത്വാബ് എന്നെഴുതി. ഹദ്റത്ത് അബൂബക്റിന് ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു: 'താങ്കളെന്തെങ്കിലും എഴുതിയോ?' ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് എന്നാണ് താനെഴുതിയതെന്ന് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു.അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലാഹു താങ്കളിൽ കരുണ ചൊരിയുമാറാകട്ടെ. ഇനി താങ്കൾ താങ്കളുടെ സ്വന്തം പേരുതന്നെ എഴുതിയാലും താങ്കൾ അതിനു യോഗ്യൻ തന്നെയാണ്. ഇനി ഇങ്ങനെ എഴുതുക, ഞാൻ എനിക്കുശേഷം ഉമർ ബിൻ ഖത്ത്വാബിനെ നിങ്ങളുടെ ഖലീഫയാക്കി നിശ്ചയിച്ചിരിക്കുന്നു. ഞാൻ നിങ്ങളുടെ കാര്യത്തിൽ അദ്ദേഹത്തിൽ സംതൃപ്തനാണ്.' *(സ്വഹീഹ് താരീഖു അത്ത്വബ്‌രി, വാല്യം 3, പേജ് 126, അടിക്കുറിപ്പ്, ദിക്ർ ഇസ്തിഖ്‌ലാഫ് ഉമർ ബിൻ അൽഖത്ത്വാബ് ദാറുഇബ്നു കഥീർ ദിമശ്ഖ് 2007)*

ഈ വസിയ്യത്ത് എഴുതിക്കഴിഞ്ഞപ്പോൾ അത് ജനങ്ങൾക്ക് വായിച്ചു കേൾപ്പിക്കാൻ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു. പിന്നീട് ഹദ്റത്ത് ഉഥ്മാൻ(റ)ജനങ്ങളെ വിളിച്ചുകൂട്ടി. എന്നിട്ട് താൻ സ്വതന്ത്രനാക്കിയ അടിമയുടെ കൈയിൽ ഈ എഴുത്ത് കൊടുത്തുവിട്ടു. അയാളോടൊപ്പം അപ്പോൾ ഹദ്റത്ത് ഉമറുമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ ജനങ്ങളോടു പറഞ്ഞു: 'മിണ്ടാതിരിക്കുക. അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയുടെ വാക്കുകൾ കേൾക്കുക. എന്തെന്നാൽ, അദ്ദേഹം നിങ്ങളുടെ ക്ഷേമകാര്യത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല.' അപ്പോൾ ജനങ്ങൾ നിശബ്ദരായിരുന്നു. അവരുടെ മുമ്പാകെ വസിയ്യത്ത് വായിച്ചുകേൾപ്പിക്കപ്പെട്ടു. അവരത് കേൾക്കുകയും അനുസരിക്കുകയും ചെയ്തു. തുടർന്ന് ഹദ്റത്ത് അബൂബബക്ർ ജനങ്ങളിലേക്ക് തിരിഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'നിങ്ങൾക്കുവേണ്ടി ഞാൻ നിശ്ചയിച്ച ഖലീഫയുടെ കാര്യത്തിൽ നിങ്ങൾക്കു തൃപ്തിയായില്ലേ? ഞാനെന്റെ ഒരു ബന്ധുവിനെയല്ല നിങ്ങളുടെ ഖലീഫയാക്കിയത്. പ്രത്യുത ഉമറിനെയാണ് ഖലീഫയായി നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹം പറയുന്നത് കേൾക്കുകയും അനുസരിക്കുകയും ചെയ്യുക. അല്ലാഹുവാണ! ഞാനിക്കാര്യത്തിൽ വളരെ കൂലങ്കഷമായി ചിന്തിക്കുന്നതിൽ ഒരുവിധ കുറവും വരുത്തിയിട്ടില്ല.' അപ്പോൾ ആളുകൾ പറഞ്ഞു: 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു.' ശേഷം അദ്ദേഹം ഹദ്റത്ത് ഉമറിനെ വിളിച്ചു. എന്നിട്ട് പറഞ്ഞു: 'ഞാൻ താങ്കളെ അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബാക്കൾക്ക് ഖലീഫയാക്കി നിശ്ചയിച്ചിരിക്കുന്നു.' തുടർന്ന് ഹദ്റത്ത് ഉമറിനെ തഖ്‌വാ കൈക്കൊള്ളാൻ വസിയ്യത്ത് ചെയ്തുകൊണ്ട് പറഞ്ഞു: 'ഉമറേ! അല്ലാഹുവിനോടു ചില കടമകളുണ്ട്. അവ രാത്രി സമയത്തുള്ളതാണ്. പകൽ സമയത്തുചെയ്താൽ അവനത് സ്വീകരിക്കുകയില്ല. ചിലകടമകൾ പകൽനേരത്ത് ചെയ്യാനുള്ളതാണ്. അവ രാത്രിയിൽ അവൻ സ്വീകരിക്കുകയില്ല. നിശ്ചയമായും ഫർളുകൾ പൂർത്തിയാക്കുന്നതുവരെ നഫ്‌ലുകൾ സ്വീകരിക്കുന്നതല്ല. ഉമറേ! സത്യത്തെ പിൻപറ്റുകയും കർമങ്ങളുടെ തട്ട് ഭാരിച്ചതായിരിക്കുകയും ചെയ്യുന്നവരുടെ തട്ടായിരിക്കും ഖിയാമത്തുന്നാളിൽ ഭാരമേറിയതെന്ന് താങ്കൾ കാണുന്നില്ലേ? അതായത് സത്യധർമങ്ങളെ പാലിക്കുന്നവരുടെ തട്ടു തന്നെയായിരിക്കും ഖിയാമത്തുന്നാളിൽ ഭാരമേറിയത്.' തുടർന്ന് അദ്ദേഹം പറഞ്ഞു: 'ത്രാസ്സിനെ കുറിച്ചുള്ള ഒരു വസ്തുത ഇതാണ്. ഭാരമേറിയ വസ്തുമാത്രമേ തട്ടിൽ വെക്കുകയുള്ളു. ഉമറേ! ഖിയാമത്തുന്നാളിൽ തട്ട് ഘനം കുറഞ്ഞവരുടേത് തന്നെയാണ് എല്ലാ അർഥത്തിലും താണിരിക്കുന്ന തട്ട് എന്ന് താങ്കൾ കാണുന്നില്ലേ? അവരുടെ തട്ട് താണിരിക്കുന്നത് അവരുടെ തന്നെ അസത്യം പിൻപറ്റുന്ന കാരണത്താലായിരിക്കും. അതായത് അവർ സത്യത്തെ മുറുകെ പിടിക്കുകയോ നന്മകൾ സ്വായത്തമാക്കുകയോ ചെയ്യാത്ത കാരണത്താൽ അവരുടെ തട്ടിന് ഖിയാമത്തുന്നാളിൽ ഘനമുണ്ടാകുകയില്ല. ത്രാസ്സിനെ കുറിച്ചുള്ള വസ്തുതയെന്നത് അതിൽ അസത്യകാര്യങ്ങൾ വെച്ചാൽ അത് ഘനമില്ലാത്താതായിത്തന്നെ ഇരിക്കും. ഉമറേ! ഇക്കാര്യം താങ്കൾ കാണുന്നില്ലേ? സൗമ്യതയെ കുറിച്ചുള്ള ആയത്തുകൾ കാഠിന്യത്തെ കുറിച്ചുള്ള ആയത്തുകൾക്കൊപ്പമാണ് അവതരിച്ചിരിക്കുന്നത്. അതുപോലെ കഠോരതയെ കുറിച്ചുള്ള ആയത്തുകൾ അല്ലാഹുവിന്റെ സൗമ്യഭാവത്തെ കുറിച്ചുള്ള ഖുർആനിക വചനങ്ങളോടൊപ്പമാണ് അവതരിച്ചിട്ടുള്ളത്. അത് ഒരു വിശ്വാസി ആഭിമുഖ്യത്തോടൊപ്പം ഭയ

മുള്ളവനാകാൻ വേണ്ടിയാണ്. ഒരു ഭാഗത്ത് നന്മയോടു ആഭിമുഖ്യമുള്ളവനാകാനും മറു ഭാഗത്ത് ദൈവഭയമുള്ളവനാകാനും വേണ്ടി. അതുപോലെ അല്ലാഹുവുമായി ബന്ധമില്ലാത്ത ആഗ്രഹം ആരും വെച്ചു പുലർത്താതിരിക്കാൻ വേണ്ടിയുമാണത്. അതുപോലെ സ്വന്തം കാര്യങ്ങളാലുള്ള ഒരു കാര്യത്തെത്തൊട്ട് ഭയക്കാതിരിക്കാനും വേണ്ടി. ഉമറേ!താങ്കൾക്കറിയില്ലേ അല്ലാഹു നരകാവകാശികളെ കുറിച്ച് അവരുടെ ദുഷ്കർമങ്ങൾ കാരണമായാണ് പ്രതിപാദിച്ചിരിക്കുന്നത്. അതുകൊണ്ട് അവരെക്കുറിച്ച് താങ്കൾ പരാമർശിക്കുമ്പോൾ സ്വയം ഇങ്ങനെ പറയേണ്ടതാണ്. ഞാൻ അവരുടെ ഗണത്തിൽപെടുകയില്ലെന്ന് നിശ്ചയമായും ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെ സ്വർഗവാസികളെക്കുറിച്ച് അവരുടെ സൽക്കർമങ്ങൾ കാരണമാണ് അല്ലാഹു പ്രതിപാദിച്ചിട്ടുള്ളത്. കാരണം അല്ലാഹു അവരുടെ തിന്മകൾ പൊറുത്തുകൊടുത്തിരിക്കുന്നു. താങ്കൾ അവരെക്കുറിച്ച് പറയുമ്പോൾ സ്വയം പറയുക, എന്റെ കർമങ്ങളും അവരുടേതിന് സമാനമാണ്. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ വാള്യം 2, പേജ് 273-274, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 2003)* ഇതെല്ലാം സ്വന്തം ഹൃദയത്തോടു ചോദിക്കുക.

ഹദ്റത്ത് അബൂബക്ർ മരണാസന്നനായപ്പോൾ പറഞ്ഞു: 'നമ്മുടെ സമീപത്തുള്ള മുസ്‌ലിമീങ്ങളുടെ സ്വത്തുക്കൾ തിരിച്ചു നല്കുക. ആ സ്വത്തിൽനിന്ന് ഒന്നും എന്റേതാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഞാൻ ബയ്ത്തുൽമാലിൽനിന്ന് റേഷനായി സ്വീകരിച്ചതിനു പകരമായി മുസ്‌ലിമീങ്ങൾക്കുവേണ്ടി എന്റെ ഇന്ന ഇന്ന പ്രദേശത്തുള്ള സ്ഥലങ്ങൾ ഞാൻ നല്കുകയാണ്. ഈ സ്ഥലം പെൺഒട്ടകം, വാൾ, പോളിഷ് ചെയ്യുന്ന അടിമയും, 5 ദിർഹമിന്റെ ചാദുറുമെല്ലാം ഉമറിന് നല്കപ്പെട്ടു. ഹദ്റത്ത് ഉമർ ഈ എല്ലാ സാധനങ്ങളും കണ്ടപ്പോൾ പറഞ്ഞു: 'ഹദ്റത്ത് അബൂബക്ർ തന്റെ ശേഷമുള്ള ആളെ പ്രയാസത്തിലിട്ടു.' *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 143, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുന്നു. ഹദ്റത്ത് ഉമറിനോടു, 'ജാഹിലിയ്യ കാലത്തുണ്ടായിരുന്ന ആ ദേഷ്യം ഇപ്പോൾ താങ്കളിലില്ലല്ലോ' എന്ന് ആരോ ചോദിച്ചിരുന്നു. ഹദ്റത്ത് ഉമർ പറഞ്ഞു: 'ദേഷ്യ പ്രകൃതം തന്നെയാണുള്ളത്. എന്നാൽ, ഇപ്പോൾ അവിശ്വാസികൾക്കെതിരെയാണ് കാണുന്നത്.' *(ഹഖാഇഖുൽ ഫുർഖാൻ വാള്യം 1, പേജ് 206)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അബൂബക്റിനോടു ആരോ പറഞ്ഞു, താങ്കൾ താങ്കൾക്കുശേഷം ഹദ്റത്ത് ഉമറിനെ ഖലീഫയാക്കി നിശ്ചയിച്ചാൽ വലിയ കുഴപ്പങ്ങളുണ്ടാകും. കാരണം അദ്ദേഹം വളരെ ദേഷ്യക്കാരനാണ്. അദ്ദേഹം പറഞ്ഞു, ഞാൻ ഇല്ലാതാകുമ്പോൾ അദ്ദേഹത്തിന്റെ ദേഷ്യങ്ങൾ സൗമ്യമായി മാറുന്നതാണ്. ഞാൻ ജീവിതം വെടിഞ്ഞാൽ അദ്ദേഹം സ്വയംതന്നെ സൗമ്യനായി മാറുന്നതാണ്.' *(അൻവാറെ ഖിലാഫത്ത്, അൻവാറുൽഉലൂം, വാള്യം 3 പേജ് 151)*

ഹദ്റത്ത് ഉമറിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് ഉമറിന്റെ ദേഷ്യത്തെ കുറിച്ച് ഇപ്രകാരം വന്നിട്ടുണ്ട്. ആരോ അദ്ദേഹത്തോടു ചോദിച്ചു, ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ താങ്കൾ ദേഷ്യക്കാരനായിരുന്നല്ലോ?' അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: ദേഷ്യം അങ്ങനെതന്നെയാണുള്ളത്. പക്ഷേ, മുമ്പേ അസ്ഥാനത്തായിരുന്നു. ഇപ്പോൾ സ്ഥാനത്താണെന്നുമാത്രം.' *(അഹ്മദ് ഔർ ഗയ്ർ അഹ്മദി മെ ഫർഖ് കിയാ ഹെ? റൂഹാനീഖസാഇൻ വാള്യം 2 പേജ് 487)* ശരിയായ സ്ഥലത്ത് ഇപ്പോൾ ദേഷ്യം ഉപയോഗിക്കുന്നു.

ജാമിഅ് ബിൻ ശദ്ദാദ് ഏതോ അടുത്തുള്ള ഒരാളിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് ഇപ്രകാരം പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. 'അല്ലാഹുവേ! ഞാൻ ദുർബലനാണ്. എനിക്ക് ശക്തി പകർന്നാലും. ഞാൻ കഠിനസ്വഭാവിയാണ്. നീ എന്നെ സൗമ്യസ്വാഭവിയാക്കിയാലും. ഞാൻ പിശുക്കനാണ്. നീ എന്നെ ധർമശീലനാക്കിയാലും.'

ഹദ്റത്ത് ഉമർ ഖലീഫയായതിനു ശേഷം ആദ്യം നടത്തിയ പ്രഭാഷണത്തെ കുറിച്ചും വിവിധ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹുമയ്ദ് ബിൻ ഹിലാൽ വിവരിക്കുന്നു. ഹദ്റത്ത് അബൂബക്ർ സദ്ദീഖ് വഫാത്തായ സമയത്ത് അവിടെ സന്നിഹിതനായിരുന്ന ഒരു വ്യക്തിഞങ്ങളോടു ഇപ്രകാരം പറഞ്ഞു: ഹദ്റത്ത് അബൂബക്റിന്റെ ഖബറടക്കം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ തന്റെ കൈകളിലുള്ള ഖബറിന്റെ മണ്ണ് കുടഞ്ഞ ശേഷം മുന്നോട്ടു വന്നു ജനങ്ങളോടു പറഞ്ഞു: 'അല്ലാഹു നിങ്ങളെ ഞാൻ മുഖേനയും എന്നെ നിങ്ങൾ മുഖേനയും പരീക്ഷിച്ചിട്ടുണ്ട്. എന്റെ രണ്ടു പ്രിയപ്പെട്ട സുഹൃത്തുക്കൾക്കുശേഷം അവൻ നിങ്ങൾക്കായി എന്നെ ബാക്കിയാക്കിയിരിക്കുന്നു. അല്ലാഹുവാണ! നിങ്ങളെക്കുറിച്ച് എന്റെ മുമ്പിൽ എന്തു കാര്യങ്ങൾ അവതരിപ്പിക്കപ്പെട്ടാലും ഞാൻ മാത്രമായിരിക്കും അതിൽ തീരുമാനമെടുക്കുന്നത്. എന്റെ പരിധിയിൽപ്പെടാത്ത കാര്യമാണെങ്കിൽ അതു അന്വേഷിക്കാൻ ഞാൻ പ്രാപ്തരും വിശ്വസ്തരുമായിട്ടുള്ളവരെ നിശ്ചയിക്കുന്നതാണ്. അതായത് അക്കാര്യം എന്താണെന്ന് അറിയുന്നതിനും സത്യാവസ്ഥ കണ്ടെത്തുന്നതിനും പ്രത്യേകമായി ആരെയെങ്കിലും നിയമിക്കുന്നതാണ്. ജനങ്ങൾ നല്ല രീതിയിൽ പെരുമാറിയാൽ ഞാനും അവരോടു നല്ല രീതിയിൽ പെരുമാറുന്നതാണ്. ഇനി മോശമായി പെരുമാറിയാൽ അതനസുരിച്ച് ഞാൻ അവരെ ശിക്ഷിക്കുന്നതുമാണ്.'

ഹസ്സൻ പറയുന്നു: 'ഹദ്റത്ത് ഉമർ ഖലീഫയായതിനുശേഷം നടത്തിയ ആദ്യ പ്രഭാഷണം ഇതായിരുന്നു: അല്ലാഹുവിനെ സ്തുതിച്ച ശേഷം ഇപ്രകാരം പറഞ്ഞു: അമ്മാബഅ്ദ്, ഞാൻ നിങ്ങൾ മുഖേന പരീക്ഷിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഞാൻ മുഖേനയും പരീക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ രണ്ടു സുഹൃത്തുക്കൾക്കു ശേഷം നിങ്ങൾക്കുവേണ്ടി എന്നെ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ മുമ്പാകെ വരുന്ന കാര്യത്തെ നാം സ്വയം പരിശോധിക്കുന്നതായിരിക്കും. നമ്മുടെ പരിധിക്ക് പുറത്താണ് കാര്യമെങ്കിൽ അതിനു നാം ശക്തരും വിശ്വസ്തരുമായവരെ നിയോഗിക്കുന്നതാണ്. നന്മചെയ്യുന്നവനെ നാം കൂടുതൽ നല്ല നിലയിലാക്കുകയും തിന്മചെയ്യുന്നവനെ നാം ശിക്ഷിക്കുന്നതുമാണ്. അല്ലാഹു നിങ്ങൾക്കും എനിക്കും പൊറുത്തുതരുമാറാകട്ടെ.'

ജാമിഅ് ബിൻ ശദ്ദാദ് തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ മിമ്പറിൽ കയറിയശേഷം ആദ്യ പറഞ്ഞത് ഇതായിരുന്നു.അല്ലാഹുമ്മ ഇന്നീ ശദീദുൻ ഫലയ്യിനീ വഇന്നീ ളയീഫുൻ ഫഖവ്വിനീ വ ഇന്നി ബഖീലുൻ ഫ സഖിനീ അല്ലാഹുവേ ഞാൻ കഠിന പ്രകൃതനാണ്, നീ എന്നെ സൗമ്യനാക്കിയാലും. ഞാൻ ദുർബലനാണ്. നീ എന്നെ ബലവാനാക്കിയാലും. ഞാൻ പിശുക്കനാണ് നീ എന്നെ ധർമശീലനാക്കിയാലും. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 208, ദിക്റു ഇസ്തിഖ്ലാഫ് ഉമർ, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

ജാമിഅ് ബിൻ ശദ്ദാദ് തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് ഉമർ ഖലീഫയായപ്പോൾ അദ്ദേഹം മിമ്പറിൽ കയറി. ഇങ്ങനെ പറഞ്ഞു: 'ഞാൻ കുറച്ചു വാക്യങ്ങൾ പറയുന്നതാണ് നിങ്ങൾ ആമീൻ പറയണം. ഹദ്റത്ത് ഉമർ ഖലീഫയായ ശേഷം ആദ്യം പറഞ്ഞ വാക്കുകൾ ഇതായിരുന്നു. ഹുസയ്ൻ മുർറി നിവേദനം.ഹദ്റത്ത് ഉമർ പറയുകയുണ്ടായി. അറബികളെ മൂക്കുകയർ കെട്ടിയ ഒട്ടകത്തോടു ഉപമിക്കാവുന്നതാണ്. അത് തന്നെ നയിക്കുന്ന ആളുടെ പിന്നാലെയാണ് നടക്കുക. അതുകൊണ്ട് അതിനെ എങ്ങോട്ടു കൊണ്ടുപോകണമെന്ന് അതിനെ നയിക്കുന്ന വ്യക്തിയാണ് തീരുമാനിക്കേണ്ടത്. എന്നെ കുറിച്ച് പറയുകയാണെങ്കിൽ കഅ്ബയുടെ നാഥനെക്കൊണ്ടു സത്യം! ഞാൻ അവരെ തീർച്ചയായും നേർമാർഗത്തിൽ നയിക്കുന്നതാണ്.' *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 355, ഹിജ്റ 13, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1987)* ഇതിനുമുമ്പേ വിവരിച്ച നിവേദനത്തിൽ ആമീൻ പറയണമെന്ന് പറഞ്ഞിരുന്നു. അതിന്റെ വിശദീകരണം കൊടുത്തിട്ടില്ല. അല്ലെങ്കിൽ ചിലപ്പോൾ ഈ മൂക്കുകയറിട്ട ഒട്ടകത്തെ കുറിച്ച് പറഞ്ഞ കാര്യമായിരിക്കാം അതെ തുടർന്നുള്ളത്.

ഹദ്റത്ത് ഉമർ ഖലീഫയായിട്ട് മൂന്നാം ദിവസം സുദീർഘമായ പ്രഭാഷണം നടത്തിയിരുന്നു. ജനങ്ങൾ തന്നെ ഭയന്നിരിക്കുകയാണെന്ന് ഹദ്റത്ത് ഉമറിന് വിവരം ലഭിച്ചപ്പോൾ അസ്സ്വലാത്തുൽ ജാമിഅത്തുൻ നമസ്കാരത്തിന് തയ്യാറായിരിക്കുന്നു എന്ന് ഉറക്കെ വിളിച്ചു പറയപ്പെട്ടു. അപ്പോൾ ആളുകൾ വന്നു കൂടാൻ തുടങ്ങി. മിമ്പറിൽ ഹദ്റത്ത് അബൂബക്ർ കാലു വെക്കാറുണ്ടായിരുന്ന സ്ഥലത്ത് ഹദ്റത്ത് ഉമർ ഇരുന്നു. ആളുകളെല്ലാം ഒരുമിച്ചുകൂടിയപ്പോൾ അദ്ദേഹം എഴുന്നേറ്റ് നേരെ നിന്നു. അല്ലാഹുവിനെ സുതുതിക്കേണ്ട രീതിയിൽ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തു. എന്നിട്ട് നബി(സ)തിരുമേനിയുടെ മേൽ സ്വലാത്തു ചൊല്ലി. തുടർന്നു പറഞ്ഞു: 'എന്റെ ദേഷ്യപ്രകൃതം കാരണം ജനങ്ങൾ ഭയന്നിരിക്കുന്നുവെന്നും കാർക്കശ്യപരമായ എന്റെ സ്വഭാവം നിമിത്തം ജനങ്ങൾ പരിഭ്രമിച്ചിരിക്കുകയാണെന്നും എനിക്ക് അറിയാൻ കഴിഞ്ഞു. അതുപോലെ നബി(സ)ജീവിച്ചിരിക്കുമ്പോഴും ഉമർ തങ്ങളോടു കഠിനമായി പെരുമാറിയിരുന്നുവെന്ന് പറയുന്നതായും അറിയാനിടയായി. ഹദ്റത്ത് അബൂബക്റിന്റെ ഭരണകാലത്തും ഞങ്ങളോടു അങ്ങനെതന്നെ പൊരുമാറിയിരുന്നു. ഇനി എല്ലാ ഭരണാധികാരവും അദ്ദേഹത്തിന് ലഭിച്ചിരിക്കെ എന്തായിരിക്കും സ്ഥിതി? ഇങ്ങനെയൊക്കെ പറഞ്ഞത് ആരായാലും അതൊക്കെ ശരിതന്നെയാണ്. ഞാൻ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. ഞാൻ അവിടത്തെ സേവകനും ദാസനുമായിരുന്നു. നബി(സ) തിരുമേനിയുടെ സൗമ്യശീലവും കരുണയും എത്രയെന്ന് ആർക്കും തിട്ടപ്പെടുത്താനാകുമായിരുന്നില്ല. അതിന്റെ പേരിൽ അല്ലാഹു ആ മഹാത്മാവിന് വിശേഷണനാമവും നല്കിയിട്ടുണ്ട്. നബി(സ)യെ അവൻ തന്റെ രണ്ടു സ്വിഫത്തുകളായ റഊഫും റഹീമും-സൗമ്യനും കാരുണ്യവാനും എന്നിവ നല്കി വിശേഷിപ്പിച്ചിട്ടുമുണ്ട്. ഞാൻ ഒരു ഊരിപ്പിടിച്ച വാളായിരുന്നു. നബി(സ)തിരുമേനിക്ക് അത് ഉറ

യിൽ വെക്കാനും പുറത്തെടുത്ത് ആളുകളെ ഖണ്ഡിക്കാനും വെറുതെ വിടാനും അധികാരമുണ്ടായിരുന്നു. നബി(സ)തിരുമേനി വഫാത്താകുംവരെ ആ സ്ഥിതി തുടർന്നു. അവിടന്ന് എന്നിൽ സംപ്രീതനായിരുന്നു. അല്ലാഹുവിന് നന്ദി. അക്കാരണത്താൽ ഞാൻ ഭാഗ്യവാനാണ്.ശേഷം അബൂബക്ർ ജനങ്ങൾക്കിടയിൽ ഭരണമേറ്റു. നിങ്ങളിലാരും അദ്ദേഹത്തിലുണ്ടായിരുന്ന സൗമ്യമനസ്സും കൃപയും വിനയസ്വഭാവവും നിഷേധിക്കാൻ തരമില്ല. ഞാൻ അദ്ദേഹത്തിന്റെ സഹായകനും സേവകനുമായിരുന്നു. ഞാൻ എന്റെ കഠിനപ്രകൃതത്തെ അദ്ദേഹത്തിന്റെ സൗമ്യപ്രകൃതവുമായി ലയിപ്പിക്കുമായിരുന്നു. ഞാൻ ഊരിപ്പിടിച്ച വാളായി അദ്ദേഹത്തിന്റെ കൈകളിൽ നിലകൊണ്ടിരുന്നു. അദ്ദേഹത്തിന് ഇഷ്ടംപോലെ എന്നെ ഉറക്കുള്ളിൽ വെക്കാനോ തുറന്നുവിട്ട് സംഹാരം നടത്താൻ അനുവദിക്കാനോ പറ്റുമായിരുന്നു. അതേ അവസ്ഥയിൽത്തന്നെ ഞാൻ തുടർന്നു. അദ്ദേഹവും എന്നിൽ തൃപ്തനായിട്ടാണ് യാത്രയായത്. അൽഹംദുലില്ലാഹ് അക്കാര്യത്തിലും ഞാൻ ഭാഗ്യവാനാണ്. അല്ലയോ ജനങ്ങളേ! ഞാൻ നിങ്ങളുടെ കാര്യങ്ങളിൽ മേൽനോട്ടക്കാരനായി നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. എനിക്കുണ്ടായിരുന്ന ആ കോപത്തിന് ബലക്ഷയം സംഭവിച്ചിരിക്കുന്നു. എന്നാൽ, മുസ്ലിമീങ്ങൾക്കുമേൽ അക്രമവും അതിക്രമവും കാണിക്കുന്നവർക്ക് മുമ്പിൽ അതു പഴയപടി പ്രകടമാകുന്നതായിരിക്കും. നിങ്ങളുടെ കാര്യത്തിൽ കോപം തണുത്തെങ്കിലും ശത്രുക്കൾക്കുമുമ്പാകെ അതു പ്രകടമാകുന്നതാണ്. അതുമാത്രമല്ല സൽസ്വഭാവികളും ദീനുള്ളവരും ശ്രേഷ്ഠരുമായവരുടെ കാര്യത്തിൽ അവർ പരസ്പരം കാണിക്കുന്നതിലും കൂടുതൽ ഞാൻ അവരോടു സൗമ്യമായി പെരുമാറുന്നതായിരിക്കും. എന്നാൽ, അന്യരുടെ മേൽ അക്രമവും അതിക്രമവും കാണിക്കുന്ന ഒരുത്തനെ കണ്ടാൽ ഞാൻ അവന്റെ ഒരു കവിൾ നിലത്തമർത്തി മറ്റേ കവിളിൽ ചവുട്ടിപിടിക്കുകയും നീതി ധർമങ്ങൾ അവനെ നല്ലവണ്ണം പഠിപ്പിക്കുകയയും ചെയ്യുന്നതാണ്. അതായത് അപ്പോൾ ഞാൻ കാഠിന്യം കാണിക്കും. അല്ലയോ ജനങ്ങളേ!നിങ്ങളുടെ കാര്യത്തിൽ എനിക്ക് ഒരുപാട് ബാധ്യതകളുണ്ട്. ഞാൻ നിങ്ങളോടു അത് തുറന്നു പറയുകയാണ്. അക്കാര്യത്തിൽ നിങ്ങൾക്കെന്നെ ചോദ്യം ചെയ്യാം. നിങ്ങളോടുള്ള എന്റെ കടമയാണ് നിങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട സമ്പത്ത് ഞാൻ നിങ്ങളിൽ നിന്ന് മറച്ചുവെക്കാതിരിക്കുക എന്നത്. അതുപോലെ യുദ്ധമുതലായി നിങ്ങൾക്കായി അല്ലാഹു നല്കിയതിൽനിന്ന് ദൈവമാർഗത്തിലെ കാര്യങ്ങൾക്കല്ലാതെ പിടിച്ചുവെക്കാതിരിക്കുകയും എന്റെ ബാധ്യതയാണ്. ആ സ്വത്ത് ഉചിതമായ നിലയിൽ ചെലവഴിക്കാനും ഞാൻ കടപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് അലൗൺസും സ്റ്റൈഫന്റും തന്നുകൊണ്ടിരിക്കാനും ഞാൻ കടപ്പെട്ടവനാണ്. നിങ്ങളെ നാശഘട്ടത്തിൽ ഇടാതിരിക്കുക എന്നതും എന്റെ കടമയാണ്. നിങ്ങൾ സൈന്യത്തിൽചേർന്ന് വീട്ടിൽനിന്ന് വിട്ടു നില്ക്കുമ്പോൾ ഞാൻ നിങ്ങളുടെ ഭാര്യാമക്കളുടെ രക്ഷാകർത്താവാകുക എന്നതും എന്റെ കടമയാണ്. ഞാനിക്കാര്യം നിങ്ങളോടു പറയുകയും അല്ലാഹുവിനോടു നിങ്ങൾക്കും എനിക്കുംവേണ്ടി പാപപൊറുതി തേടുകയുമാണ്. *(ഇസാലത്തുൽഖഫാ അൻ ഖിലാഫത്തുൽ ഖുലഫാ, മുതർജ്ജിം ശാഹ് വലിയുല്ലാഹ് മുഹദ്ദിഥ് ദഹ്‌ലവ, വാല്യം 3, പേജ് 226-228, പ്രസാധകർ ഖദീമീ കുതുബ് ഖാന കറാച്ചി)*

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:□മുസ്‌ലിമീങ്ങളുടെ കൺമുമ്പാകെ എപ്പോഴും തുഅദ്ദുൽഅമാനാത്തി ഇലാ അഹ്‌ലിഹാ എന്ന ആയത്തുണ്ടായിരുന്നു. അതായത് അധികാരം എന്ന അമാനത്ത് അതിനു യോഗ്യതയുള്ളവർക്കും സംഘടനാപാടവമുള്ളവർക്കും മാത്രം നല്കുക. അതേപോലെ ഈ അമാനത്ത് നിക്ഷിപ്തമായ ആളുകൾ എപ്പോഴും ശരീഅത്തിന്റെ കല്പനയായ നീതിബോധത്തോടും വിശ്വസ്തതയോടും ഭരിക്കുക എന്നത് മുന്നിൽ വെക്കുമായിരുന്നു. നിങ്ങൾ നീതി അവഗണിക്കുകയും വിശ്വസ്തത പരിഗണിക്കാതിരിക്കുകയും ഈ അമാനത്തിൽ(സൂക്ഷിപ്പുമുതലിൽ) ഏതെങ്കിലും തരത്തിലുള്ള വഞ്ചന കാണിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളോടു കണക്കുചോദിക്കുന്നതും അവൻ ആ അപരാധത്തിന് നിങ്ങൾക്ക് ശിക്ഷ നല്കുന്നതുമാണ്. ഇക്കാര്യങ്ങളെല്ലാം ഹദ്റത്ത് ഉമറിന്റെ സ്വഭാവത്തിൽ സ്വാധീനമുളവാക്കി. അവ എത്രകണ്ട് മുന്തി നില്ക്കുകയും പ്രകടമായ നിലയിലുണ്ടാകുകയും ചെയ്തിരുന്നുവെന്നാൽ അതുകാണുമ്പോൾ രോമാഞ്ചമുണ്ടാകുന്നു. ഹദ്റത്ത് ഉമർ എന്ന ഇസ്‌ലാമിലെ രണ്ടാം ഖലീഫ ഇസ്‌ലാമിന്റേയും മുസ്‌ലിമീങ്ങളുടേയും ഉന്നമനത്തിനുവേണ്ടി എത്രയധികം ത്യാഗനിർഭരമായി പ്രവൃത്തിച്ചിരുന്നുവെന്നാൽ രാപ്പകൽ ഭേദമില്ലാതെ നബി(സ)തിരുമേനിക്കുമേൽ ആക്ഷേപങ്ങൾ ഉതിർത്തുകൊണ്ടിരിക്കുകയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ അല്ലാഹുവിന്റെ റസൂലിനെക്കുറിച്ച് അങ്ങേയറ്റത്തെ ധാർഷ്ട്യത്തോടെ നഊദുബില്ലാഹ് നബി(സ) തിരുമേനി നീതിയോടെ പ്രവൃത്തിച്ചില്ലെന്ന് എഴുതുകയും ചെയ്യുന്ന യൂറോപ്യൻ ഓറിയന്റിലിസ്റ്റുകൾ അബൂബക്റിനേയും ഉമറിനേയും കുറിച്ച് പരാമർശിക്കുമ്പോൾ അവരിരുവരും എത്രമാത്രം ത്യാഗമനോഭാവത്തോടും അത്യധ്വാനത്തോടുംകൂടി പ്രവർത്തിച്ചിരുന്നുവെന്നാൽ ആ അധ്വാനങ്ങൾക്കും ത്യാഗങ്ങൾക്കും മറ്റൊരു ഭരണാധിപന്മാരിലും സമാനതകൾ കാണാനാകില്ലെന്ന് ഏറ്റു പറയാൻ നിർബന്ധിതനായിരിക്കുന്നു. വിശിഷ്യാ ഹദ്റത്ത് ഉമറിനെ അവർ വളരെയധികം പ്രശംസിക്കാറുണ്ട്. അവർ പറയുന്നു: 'ആ വ്യക്തി അഹോരാത്രം അതിയായ ആഭിമുഖ്യത്തോടെ ഇസ്‌ലാമിക നിയമങ്ങൾ പ്രചരിപ്പിക്കുക, മുസ്‌ലിമീങ്ങളെ അഭിവൃദ്ധിപ്പെടുത്തുക തുടങ്ങിയ കടമകൾ നിറവേറ്റി. എന്നാൽ, ഉമർ സ്വയം താനെന്തായിരുന്നുവെന്നാണ് ചിന്തിച്ചിരുന്നത്. അദ്ദേഹം ആയിരക്കണക്കിന് പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടും ആയിരക്കണക്കിന് ബുദ്ധിമുട്ടുകൾ സഹിച്ചിട്ടും അദ്ദേഹത്തിന്റെ കൺമുമ്പിൽ എപ്പോഴും **ഇന്നല്ലാഹ യഅ്മുറുക്കും അൻ തുഅദ്ദുൽഅമാനാത്തി ഇലാ അഹ്‌ലിഹാ** അതുപോലെ **വഇദാ ഹകംത്തും ബയ്നന്നാസി അൻ തഹ്ക്കുമു ബിൽ അദ്ൽ** എന്നീ ആയത്തുകളായിരുന്നു ഉണ്ടായിരുന്നത്.അതായത് അല്ലാഹു നിങ്ങളെ എന്തെങ്കിലും കാര്യത്തിന് നിയോഗിച്ചാൽ നിങ്ങളുടെ രാജ്യക്കാരും നിങ്ങളുടെ സ്വസഹോദരങ്ങളും ഭരണത്തിന് നിങ്ങളെ തിരഞ്ഞെടുത്താൽ നിങ്ങൾ നീതിയോടെ വർത്തിക്കുക എന്നത് നിങ്ങളുടെ കടമയാണ്. നിങ്ങൾ നിങ്ങളുടെ സർവ കഴിവുകളും മനുഷ്യരാശിയുടെ ഉൽക്കർഷത്തിനും ക്ഷേമത്തിനുമായി ചെലവഴിക്കുകയും വേണം. ഹദ്റത്ത് ഉമറിന്നെതിരെയുള്ള വധശ്രമം എത്ര വേദനാജനകമാണെന്ന് നോക്കുക. അദ്ദേഹം വഫാത്താകുന്നതിനുമുമ്പേ അദ്ദേഹത്തെ അക്രമകാരി എന്നു കരുതി ഒരു വ്യക്തി അജ്ഞതയും ജഹാലത്തും കാരണം കഠാരകൊണ്ട് ആക്രമിക്കുകയും തന്റെ ആസന്നമരണം സുനിശ്ചിതമായിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ അദ്ദേഹം തന്റെ കിടക്കയിൽ വളരെയധികം വേദനകൊണ്ടു പുളയുകയും ആവർത്തിച്ച് അല്ലാഹുമ്മ ലാ അലയ്യ വലാ ലീ, അല്ലാഹുമ്മ ലാ അലയ്യ വലാ ലീ എന്നു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. അതായത് അല്ലാഹുവേ നീ എനിക്ക് ഒരു അമാനത്ത് ഭരമേല്പിച്ചു. ഞാനത് വേണ്ടതുപോലെ നിറവേറ്റിയോ എന്ന് എനിക്കറിയില്ല. ഇപ്പോൾ എന്റെ മരണ സമയം അടുത്തിരിക്കുന്നു. ഞാൻ ലോകത്തോടു വിടചൊല്ലി നിന്റെ സന്നിധിയിൽ വരാൻപോകകുകയാണ്. അല്ലാഹുവേ, എന്റെ നാഥാ!ഞാൻ എന്റെ കർമങ്ങൾക്കു പകരമായി ഒരു ഫലവും നിന്നോടു ചോദിക്കുന്നില്ല. എന്നാൽ, ഞാനാഗ്രഹിക്കുന്നത് നീ എന്നിൽ കരുണചെയ്ത് പൊറുത്തുതരണമെന്നാണ്. ഈ ചുമതല നിറവേറ്റുന്നതിന് എന്റെ ഭാഗത്തുനിന്ന് വല്ല വീഴ്ചയും ഉണ്ടായിട്ടുണ്ടെങ്കിൽ നീ എന്നോടു ക്ഷമിക്കേണമേ. ഉമർ എന്ന മഹാപ്രതാപശാലിയായ വ്യക്തിയുടെ നീതിന്യായങ്ങൾക്ക് സമാനതകൾ ലോകത്തിന്റെ സ്ക്രീനിൽ വളരെ കുറച്ചു മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. അദ്ദേഹം വഇദാ ഹക്കംത്തും ബയ്നന്നാസി അൻ തഹ്കുമൂ ബിൽഅദ്‌ലി എന്ന കല്പനയെ മുൻനിറുത്തിയായിരുന്നു പ്രവൃത്തിച്ചിരുന്നത്. അദ്ദേഹം മരണ സമയത്ത് ഒരുപാട് അസ്വസ്ഥതയും പരിഭ്രമവും അനുഭവിക്കുന്നു. രാജ്യക്ഷേമത്തിന് അദ്ദേഹം സമർപിച്ച എല്ലാ സേവനങ്ങളും ഇസ്‌ലാമിന്റെ പുരോഗതിക്കായി അദ്ദേഹം കാഴ്ചവെച്ച സേവനങ്ങളുമെല്ലാം അദ്ദേഹം സ്വയമേവ വളരെ നിസ്സാരമായി കണക്കാക്കുന്നു. അദ്ദേഹത്തിന്റെ രാജ്യമൊട്ടുമുള്ള മുസ്‌ലിമീങ്ങൾ വളരെ ശ്രേഷ്ഠമായി കണ്ടിരുന്ന സേവനങ്ങളും അദ്ദേഹത്തിന്റെ രാജ്യത്താകമാനമുള്ള എല്ലാ അമുസ്‌ലിം സമുദായങ്ങളും അത്യന്തം ഉത്തമമായി കണ്ടിരുന്ന സേവനങ്ങളും അദ്ദേഹത്തിന്റെ രാജ്യത്തുള്ള സ്വന്തക്കാർക്കും അന്യർക്കും മാത്രമല്ല അന്യരാജ്യങ്ങളിലെ ജനങ്ങളും വളരെ മികച്ചതായി കണ്ടിരുന്ന സേവനങ്ങളും അദ്ദേഹത്തിന് വളരെ നിസ്സാരമായി തോന്നി. അതുപോലെ അന്നത്തെ കാലത്തുണ്ടായിരുന്നവർക്കു മാത്രമല്ല ഇന്നു 13 നൂറ്റാണ്ടുകൾക്കു ശേഷവും അദ്ദേഹത്തിന്റെ യജമാനപ്രഭുവിനുമേൽ ആക്രമണത്തിൽനിന്ന് വിട്ടു നില്ക്കാത്തവർ പോലും ഉമറിന്റെ സേവനങ്ങളെ കുറിച്ച് പറയുമ്പോൾ ഉമർ തന്റെ ഉജ്ജ്വല പ്രവർത്തനങ്ങളിൽ ഒരു അതുല്യ വ്യക്തിയായിരുന്നുവെന്ന് സ്മരിക്കുന്നു. അത്തരം സേവനങ്ങളെല്ലാം ഉമറിന്റെ ദൃഷ്ടിയിൽ നിസാരമായി കാണപ്പെടുകയും അദ്ദേഹം വിറച്ചുകൊണ്ട് പറയുന്നു: **അല്ലാഹുമ്മ ലാ അലയ്യ വലാ അലി** അല്ലയോ നാഥാ എനിക്കൊരു അമാനത്ത് ഏല്പിക്കപ്പെട്ടിരുന്നു, എനിക്കറിയില്ല ഞാൻ അതിന്റെ കടമകൾ വേണ്ടതുപോലെ നിറവേറ്റിയിട്ടുണ്ടോ എന്ന്. അതുകൊണ്ട് ഞാൻ നിന്നോടു ഇത്രമാത്രം ചോദിക്കുന്നു, നീ എന്റെ അപരാധങ്ങൾ പൊറുക്കേണമേ. എന്നെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തേണമേ. *(ഇസ്‌ലാം കാ ഇഖ്തിസാദി നിളാം, അൻവാറുൽഉലൂം വാല്യം 18, പേജ് 11-13)*

'ദുൻയാ കാ മുഹ്സിൻ' എന്ന ഒരു പ്രഭാഷണത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ഉമർ എങ്ങനെയുള്ള വ്യക്തിയായിരുന്നെന്നാൽ (സത്യത്തിൽ

ഇതു പറഞ്ഞിട്ടുള്ളത് നബി(സ)തിരുമേനിയെ കുറിച്ചാണ്) ക്രിസ്തീയ ചരിത്രകാരന്മാരും എഴുതുന്നത്, അദ്ദേഹത്തെപ്പോലെ ലോകത്ത് ഒരാളും ഭരണം നടത്തിയിട്ടില്ലെന്നാണ്. ഇവർ നബി(സ) തിരുമേനിയെ ചീത്ത പറയുന്നു. ഹദ്റത്ത് ഉമറിനെ പുകഴ്ത്തുന്നു. എല്ലാ സമയത്തും നബി(സ)തിരുമേനിയുടെ സഹവാസം ഹദറത്ത് ഉമർ നേടിയിരുന്നു. അദ്ദേഹം മരണസമയത്ത് പ്രത്യാശാനിർഭരമായി ആഗ്രഹിക്കുന്നത് നബി(സ)തിരുമേനിയുടെ കാൽച്ചുവട്ടിൽ തനിക്ക് ഇടം ലഭിക്കണമെന്നാണ്. നബി(സ)തിരുമേനിയുടെ ഏതെങ്കിലും ഒരു പ്രവൃത്തിയിൽനിന്നെങ്കിലും അവിടന്ന് ദൈവപ്രീതിക്കുവേണ്ടിയായിരുന്നില്ല പ്രവർത്തിച്ചിരുന്നതെന്ന് തെളിഞ്ഞിരുന്നെങ്കിൽ ഹദ്റത്ത് ഉമറിനെപ്പോലുള്ള ഒരു വ്യക്തി ഇത്രയും മഹിതസ്ഥാനത്തെത്തിയിട്ടും നബി(സ)തിരുമേനിയുടെ കാൽക്കീഴിൽ ഇടം ലഭിക്കണമെന്ന് ആഗ്രഹിക്കുമോ?' *(ദുൻയാ കാ മുഹ്സിൻ, അൻവാറുൽഉലൂം വാള്യം 10 പേജ് 262)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇവിടെ സമർഥിക്കുന്നത് നബി(സ)തിരുമേനിയുടെ ദാസത്വവും അവിടത്തെ ശിക്ഷണവും കാരണമായാണ് ഹദ്റത്ത് ഉമറിൽ ഈ നീതിബോധവും ദൈവഭയവും ഉണ്ടായതെന്നാണ്.

ഹദ്റത്ത് ഉമർ(റ) അഹ്ലെ ബയ്ത്തിനോടു എത്രമാത്രം ആത്മാർഥത കാണിച്ചിരുന്നു എന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് ആഇശാ(റ) നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ദീർഘകാലം ജീവിച്ചിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലത്ത് ഇറാനുമേൽ വിജയം ലഭിച്ചപ്പോൾ ഗോതമ്പുപൊടിക്കുന്ന കാറ്റുകൊണ്ട് പ്രവർത്തിക്കുന്ന യന്ത്രം കൊണ്ടുവന്നു. അതുപയോഗിച്ചു വളരെ നേർത്ത നിലയിൽ ഗോതമ്പ് പൊടിക്കുമായിരുന്നു. ഏറ്റവുമാദ്യം മദീനയിൽ യന്ത്രം സ്ഥാപിച്ചപ്പോൾ ഹദ്റത്ത് ഉമർ കല്പിച്ചത് ആദ്യമായി പൊടിച്ച മിനുസമുള്ള ആട്ട ഹദ്റത്ത് ആഇശായ്ക്ക് ഉപഹാരമായി സമർപിക്കണമെന്നായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ നിർദേശമനുസരിച്ച് മൈദ ഹദ്റത്ത് ആഇശായ്ക്ക്(റ)കൊടുത്തുവിട്ടു. അവരുടെ ഭൃത്യ ആ മാവുകൊണ്ട് നേർത്ത ചപ്പാത്തികൾ തയ്യാറാക്കി. ഇത്തരം ഒരു ആട്ട മുമ്പേയൊരിക്കലും കണ്ടിട്ടില്ലാത്തതിനാൽ മദീനയിലെ സ്ത്രീജനങ്ങൾ ഹദ്റത്ത് ആഇശായുടെ വീട്ടിൽ തടിച്ചുകൂടി. ആ ആട്ടയും അതുകൊണ്ടുണ്ടാക്കിയ റൊട്ടിയും എങ്ങനെയുള്ളതാണെന്ന് നോക്കാനാണ് അവർ വന്നത്. വീട്ടുമുറ്റം സ്ത്രീകളെക്കൊണ്ടു നിറഞ്ഞു. ആ ആട്ടകൊണ്ടുണ്ടാക്കിയ റൊട്ടി കാണാനായി എല്ലാവരും കാത്തിരിക്കുകയായിരുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)സ്ത്രീകളെ സംബോധനചെയ്ത് സംസാരിക്കുകയാണ്. അവരോടു അദ്ദേഹം ഇങ്ങനെ പറഞ്ഞു: നിങ്ങൾ കരുതുന്നുണ്ടാകുക എന്തെങ്കിലും പ്രത്യേകതരം ആട്ടയായിരിക്കുമതെന്നാണ്. അത് ഒരു പ്രത്യേക ആട്ടയൊന്നുമായിരുന്നില്ല. നിങ്ങൾ നിത്യേനയുണ്ടാക്കുന്ന ആട്ടയെക്കാളും ഗുണം കുറഞ്ഞ ആട്ടയായിരിക്കുമത്. എന്തായാലും ആ ആട്ടകൊണ്ടുള്ള റൊട്ടികൾ തയ്യാറായി. സ്ത്രീകൾ അതുകണ്ട് അമ്പരന്നുപോയി. അവർ ആശ്ചര്യത്തോടെ ആ റൊട്ടികൾ തൊട്ടുനോക്കുകയും എത്രലോലമായ റൊട്ടിയെന്ന് അനിയന്ത്രിതമായ പറയുകയും ചെയ്തു. ഇതിലും മികച്ച് ആട്ട ലോകത്തുണ്ടാകുമോ എന്നും അവർ അത്ഭുതംകൂറി. റൊട്ടി തയ്യാറായെങ്കിലും അവിടെ നബി(സ) തിരുമേനിയോടുള്ള ഹദ്റത്ത് ആഇശായുടെ അതിരറ്റ സ്നേഹത്തിന്റെ കഥ തുടങ്ങുകയാണ്. നബി(സ) തിരുമേനിയെ ഓർത്ത് അവർ എത്രവികാരഭരിതയായെന്ന് നോക്കുക. ഹദ്റത്ത് ആഇശ ആ ചെറിയ റൊട്ടിയിൽനിന്ന് ഒരു കഷണം മുറിച്ചെടുത്ത് അത് വായിലിട്ടു. അവിടെയുണ്ടായിരുന്ന സ്ത്രീകളെല്ലാം വളരെ കൗതുകത്തോടെ ഹദ്റത്ത് ആഇശായുടെ മുഖത്തുണ്ടാകുന്ന ഭാവമാറ്റം കാണാൻ പ്രതീക്ഷയോടെ നിന്നു. അതു കഴിച്ചാൽ ഹദ്റത്ത് ആഇശാ വളരെ സന്തോഷിക്കും ലോലമായ ആ റൊട്ടി ആസ്വദിച്ച് കഴിക്കും അതീവ സന്തുഷ്ടയായി കാണപ്പെടും നല്ല രസം അവർക്കുണ്ടാകും എന്നെല്ലാം അവർ കരുതി. എന്നാൽ, ഹദ്റത്ത് ആഇശായുടെ വായിൽ ആ റൊട്ടിക്കഷണമെത്തിയതും ആരോ തൊണ്ട പിടിച്ചമർത്തിയപോലെ അവരുടെ വായിൽത്തന്നെ അത് തങ്ങിനില്ക്കുകയും അവരുടെ കണ്ണീർ ഇറ്റുവീഴാൻ തുടങ്ങുകയും ചെയ്തു. സ്ത്രീകൾ പറഞ്ഞു: ബീബീ! ആട്ട വളരെ നല്ലതാണല്ലോ? റൊട്ടിയാണെങ്കിൽ വളരെ മൃദുലവും. എന്താണ് പറ്റിയത്? അത് തൊണ്ടയിൽനിന്ന് ഇറങ്ങുന്നില്ലല്ലോ? എന്തിനാണ് അങ്ങ് കരയുന്നത്? ഈ ആട്ടയിൽ വല്ല കുഴപ്പവും അങ്ങ് കാണുന്നുണ്ടോ? ഹദ്റത്ത് ആഇശാ(റ) പറയുന്നു: ആട്ടയ്ക്ക് ഒരു കുഴപ്പവുമില്ല. ഇത് വളരെ മൃദുലമാണെന്നും ഞാൻ സമ്മതിക്കുന്നു. ഇതുപോലുള്ളത് ഒരിക്കലും ഞാൻ കഴിച്ചിട്ടുമില്ല. ഈ പൊടിക്ക് എന്തെങ്കിലും പോരായ്മ ഉള്ളതുകൊണ്ടല്ല എന്റെ കണ്ണുനിറഞ്ഞത്. എനിക്ക് നബി(സ)തിരുമേനിയുടെ അന്ത്യനാളുകൾ ഓർമവന്നുപോയി. അവിടന്ന് ക്ഷീണിതനായിരുന്നു. കട്ടിയുള്ള ഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ആ നാളുകളിലും ഞങ്ങൾ ആട്ടുകല്ലിൽ ഗോതമ്പ് അരച്ച് ചപ്പാത്തി ഉണ്ടാക്കിയാണ് കൊടുത്തിരുന്നത്. എന്നിട്ടു പറഞ്ഞു: 'ആരുടെ മാഹാത്മ്യം കാരണമായാണോ നമുക്ക് ഇന്ന് ഈ അനുഗ്രഹങ്ങൾ കൈവന്നത് ആ വ്യക്തി ഇതൊന്നും അനുഭവിക്കാതെ നമ്മെ വിട്ടുപോയി. എന്നാൽ, ആ വ്യക്തിമുഖേന ലഭിച്ച ഈ അന്തസ്സും അനുഗ്രഹങ്ങളും നമ്മൾ ഉപയോഗിക്കുകയാണ്.' ഇതും പറഞ്ഞ് അവർ ആ റൊട്ടിക്കഷണം തുപ്പിക്കളഞ്ഞു. എന്നിട്ടു പറഞ്ഞു: എന്റെ മുമ്പിൽനിന്ന് ഇതെടുത്തുകൊണ്ടുപോകുക. എനിക്കിതു കാണുമ്പോൾ നബി(സ)തിരുമേനിയുടെ കാലം ഓർമവരികയും അത് തൊണ്ടയ്ക്കു കുടുങ്ങുകയും ചെയ്യുന്നു. ഈ റൊട്ടി എനിക്ക് കഴിക്കാനാകില്ല. *(ആഇന്ദാ വഹീ ഖൗമെ ഇസ്സത്ത് പായേംകിജോ മാലി ഔർ ജാനീ ഖുർബാനിയോം മെ ഹിസ്സ ലേംകി. അൻവാറുൽ ഉലൂം, വാള്യം 21, പേജ് 155-156)*

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് ഉമറിന്റെ കാലത്ത് നബി(സ) തിരുമേനിയുടെ സ്വഹാബത്ത് അൽമദാഇൻ (മദാഇൻ കിസ്റായുടെ രാജധാനിയായിരുന്നു)പിടിച്ചടക്കി. അത് ഖുസ്റോയുടെ തട്ടകമായിരുന്നു. ഹദ്റത്ത് ഉമർ മസ്ജിദിൽ മൃഗത്തിന്റെ തൊലികൊണ്ടുണ്ടാക്കിയ പരവതാനി വിരിക്കാൻ നിർദേശിച്ചു. അതിൽ കൂട്ടിയിട്ട യുദ്ധമുതലുകളെക്കുറിച്ചും നിർദേശം നല്കി. ഏറ്റവുമാദ്യമായി യുദ്ധമുതൽ നല്കിയത് ഹദ്റത്ത് ഹസൻ ബിൻ അലിക്കായിരുന്നു. അദ്ദേഹം പറഞ്ഞു: 'അമീറുൽമുഅ്മിനീൻ! അല്ലാഹു മുസ്ലിമീങ്ങൾക്കു നല്കിയ ധനത്തിൽനിന്ന് എന്റെ അവകാശം എനിക്കു നല്കിയാലും. അപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തിന് വളരെ സന്തോഷത്തോടും ബഹുമാനത്തോടും ആയിരം ദിർഹം കൊടുക്കാൻ കല്പിച്ചു. പിന്നീട് ഹദ്റത്ത് ഹസൻ പോയി. ഹുസയ്ൻ ബിൻ അലി മുമ്പോട്ടു വന്നു. അമീറുൽമുഅ്മിനീൻ!അല്ലാഹു മുസ്ലിമീങ്ങൾക്കു നല്കിയ ധനത്തിൽ നിന്ന് എന്റെ അവകാശം എനിക്കു നല്കിയാലും. ഹദ്റത്ത് ഉമർ അദ്ദേഹത്തിന് വളരെ സന്തോഷത്തോടും ബഹുമാനത്തോടും ആയിരം ദിർഹം കൊടുക്കാൻ കല്പിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് ബിൻ ഉമർ അദ്ദേഹത്തിന്റെ അടുത്തു വന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹു മുസ്ലിമീങ്ങൾക്കു നല്കിയ ധനത്തിൽ നിന്ന് എന്റെ ഓഹരി എനിക്കു നല്കിയാലും. ഹദ്റത്ത് ഉമർ അദ്ദേഹത്തിന് വളരെ സന്തോഷത്തോടും ബഹുമാനത്തോടും അഞ്ഞൂറ് ദിർഹം കൊടുക്കാൻ കല്പിച്ചു. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമർ പറഞ്ഞു: 'ഞാനൊരു കരുത്തനാണ്. നബി (സ) തിരുമേനിയുടെ മുമ്പിൽ ഞാൻ വാൾ പ്രയോഗം നടത്തിയ ആളാണ്. ആ നേരത്ത് ഹദ്റത്ത് ഹസ്സനും ഹുസയ്നും കുട്ടികളായിരുന്നു. അവർ മദീനയിലെ ഊടുവഴികളിൽ ചുറ്റിക്കറങ്ങി നടക്കുന്ന കാലമായിരുന്നു. അവർ രണ്ടുപേർക്കും താങ്കൾ ആയിരം ദിർഹം വീതം നല്കി; എനിക്കാണെങ്കിൽ 500 ദിർഹമും.' അപ്പോൾ ഉമർ(റ) പറഞ്ഞു: 'പോയിട്ട് അവരുടെപോലത്തെ പിതാവിനെ കൊണ്ടുവന്ന് കാണിച്ചുതരിക. അവർക്കുള്ളതുപോലുള്ള മാതാവിനേയും കൊണ്ടുവരിക. അവർക്കുള്ളതു പോലുള്ള മാതാമഹിയേയും കൊണ്ടുവരിക. അവർക്കുള്ളതുപോലുള്ള പിതൃവ്യനേയും കൊണ്ടുവരിക. അവർക്കുള്ളതുപോലുള്ള മാതൃസഹോദരിയേയും കൊണ്ടുവരിക. എന്നാൽ, ഒരിക്കലും താങ്കൾക്ക് അതുപോലുള്ളതു കൊണ്ടുവരാൻ കഴിയില്ല.' *(ഇസാലത്തുൽ ഖഫാ അൻ ഖിലാഫത്തുൽ ഖുലഫാ, മുത്തർജ്ജിം ശാഹ് വലിയുല്ലാഹ് മുഹദ്ദിഥ് ദഹ്ലവ, വാള്യം 3, പേജ് 292-293, പ്രസാധകർ ഖദീമീ കുതുബ് ഖാന കറാച്ചി)(ഫർഹങ്കെ സീറത്ത് പേജ് 264, സവാർ അക്കാഡമി കറാച്ചി 2004)*

അബൂ ജഅ്ഫർ(റ) നിവേദനം. ഹദ്റത്ത് ഉമർ(റ) ജനങ്ങൾക്ക് സ്റ്റൈഫന്റ് നിശ്ചയിക്കാൻ തീരുമാനിച്ചു. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിലപാട് മറ്റെല്ലാവരുടേതിനെക്കാളും ശ്രേഷ്ഠമായിരുന്നു. ആദ്യം സ്വന്തം സ്റ്റൈഫന്റ് നിശ്ചയിക്കാൻ ആളുകൾ ഉമറിനോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: അങ്ങനെ ചെയ്യില്ല. അദ്ദേഹം നബി(സ)തിരുമേനിയുടെ ഏറ്റവുമടുത്ത ബന്ധുക്കളിൽനിന്ന് തുടക്കം കുറിച്ചു. ആദ്യം ഹദ്റത്ത് അബ്ബാസിനും രണ്ടാമതായി ഹദ്റത്ത് അലിക്കും സ്റ്റൈഫന്റ് നിശ്ചയിച്ചു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ഹദ്റത്ത് ഹസനേയും ഹദ്റത്ത് ഹുസയ്നേയും ആദരിക്കുമായിരുന്നു. രണ്ടുപേരേയും ഒട്ടകസവാരി ചെയ്യിക്കുമായിരുന്നു. അവരുടെ പിതാവിനു കൊടുക്കുന്നതുപോലെ ഇരുവർക്കും സമ്മാനങ്ങൾ നല്കുകയും ചെയ്തിരുന്നു. ഒരിക്കൽ യമനിൽനിന്ന് കുറച്ചു ജോടി വസ്ത്രങ്ങൾ വന്നു. അപ്പോൾ അദ്ദേഹം സ്വഹാബാക്കളുടെ മക്കളുടെയിടയിൽ അത് വിതരണം ചെയ്തു. എന്നാൽ, അവരിരുവർക്കും അതിൽനിന്ന് ഒന്നും കൊടുത്തില്ല. എന്നിട്ടു പറഞ്ഞു: ഇവർക്കു പറ്റിയതൊന്നും അതിലുണ്ടായിരുന്നില്ല. തുടർന്ന് അദ്ദേഹം യമനിലെ തന്റെ കീഴുദ്യോഗസ്ഥന് സന്ദേശമയച്ചുകൊണ്ട് അവരിരുവർക്കും പറ്റിയ ജോഡി വസ്ത്രങ്ങൾ വരുത്തിച്ചു.

ഇൻശാഅല്ലാഹ് ഈ വിവരണം ഇനിയും തുടരുന്നതാണ്. ഇപ്പോൾ ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. ആദ്യം അനുസ്മരിക്കുന്നത് ഫയ്ള്

അഹ്മദ് ഗുജറാത്തി ദർവേശ് ഖാദിയാന്റെ ഭാര്യ സുഹയ്‌ല മഹ്ബൂബ് സാഹിബയെയാണ്. സുഹയ്‌ല സാഹിബ 90-ാമത്തെ വയസ്സിലാണ് വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ദൈവകൃപയാൽ ഇവർ മൂസിയായിരുന്നു. ഇവർ ബീഹാറിലെ ഒരു വിദ്യാസമ്പന്നരായ കുടുംബത്തിലെ അംഗമാണ്. ഇവരുടെ പിതാവ് അഹ്മദിയായിരുന്നില്ല. എന്നാൽ, മാതാവ് അവരുടെ പിതാവ് അഹ്മദിയായതിനുശേഷം സ്വയം പുസ്തകങ്ങൾ വായിച്ച് അഹ്മദിയ്യത്തിൽ ചേർന്നതാണ്. മൂന്നുനാലുവർഷം തന്റെ ഭർത്താവിന്റെ പിണക്കം സഹിച്ച് വളരെ കഷ്ടതകളും അനുഭവിച്ചു. എന്നാൽ, അഹ്മദിയ്യത്തിൽ അടിയുറച്ചുനിന്നു. അവരുടെ ഭർത്താവ് പിൽക്കാലത്ത് അഹ്മദിയായില്ലെങ്കിൽകൂടി എതിർപ്പ് ഒഴിവാക്കി പെൺകുട്ടികളെ അഹ്മദി കുടുംബങ്ങളിൽ വിവാഹം ചെയ്യിച്ചു. അങ്ങനെ സുഹയ്‌ല സാഹിബായുടെ വിവാഹബന്ധവും അഹ്മദികളിൽ നടത്തി. 1958-ൽ പരേതയുടെ മാതാവ് ആദ്യമായി തന്റെ മകൾ സുഹയ്‌ല മഹ്ബൂബിനോടൊപ്പം ഖാദിയാനിൽ വന്നു. സുഹയ്‌ല മഹ്ബൂബ് സാഹിബ പറയുന്നു: അവർക്ക് ഖാദിയാൻ പ്രദേശത്തോടു വളരെ സ്നേഹം തോന്നി. എങ്ങനെയെങ്കിലും ഖാദിയാനിൽത്തന്നെ താമസമാക്കാനായി ഒരു പാട് ദുആയും ചെയ്തു. അപ്പോൾ നാളിർ ഖിദ്മത്തെ ഖൽഖ് ദർവേശാനായി ഹദറത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് അവരുടെ ജീവിതം വഖ്ഫ് ചെയ്തുകൊണ്ടുള്ള കത്തിന് മറുപടിയായി ഇപ്രകാരം എഴുതി: താങ്കൾ വഖ്ഫു ചെയ്തതായി അറിഞ്ഞു. താങ്കളുടെ ഈ ചുവടുവെപ്പ് വളരെ വിലമതിക്കുന്നതാണ്. വഖ്ഫിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ പ്രഥമമായ കർത്തവ്യം ദീനീ പരിജ്ഞാനം നേടുകയും ഇസ്‌ലാം-അഹ്മദിയ്യത്തിന് അനുഗുണമായ നിലയിൽ താങ്കളുടെ പ്രവർത്തനങ്ങളാക്കിത്തീർക്കുകയും അങ്ങനെ ഉത്തമമാതൃക കാണിക്കുകയുമാണ്. 1964-ൽ ഇവർ വഖ്ഫു ചെയ്തു. 1964-ൽ പരേതയുടെ വിവാഹം ചൗദ്‌രീ അബ്ദുല്ലാഹ് സാഹിബ് ദർവേശുമായി നടന്നു. അതിൽ അവർക്ക് ഒരു പെൺകുട്ടിയുമുണ്ടായി. എന്നാൽ, കുറച്ചു കഴിഞ്ഞപ്പോൾത്തന്നെ ആ വിവഹബന്ധം വേർപ്പെട്ടു. അവരുടെ രണ്ടാമത്തെ വിവാഹം ചൗദ്‌രീ ഫയ്‌ള് മുഹമ്മദ് സാഹിബ് ഗുജറാത്തി ദർവേശുമായി നടന്നു. അതിൽ ഒരു മകനുണ്ടായി. എന്നാൽ, ആ കുട്ടി ചെറുപ്പത്തിൽത്തന്നെ മരണപ്പെട്ടു. പരേത ഏതാണ്ട് 30 വർഷക്കാലം നുസ്റത്ത് ഗേൾസ് ഹൈസ്കൂൾ ഖാദിയാനിൽ ഹെഡ്മിസ്ട്രസ് ആയി സേവനമനുഷ്ഠിച്ചു.

രണ്ടാമത്തെ അനുസ്മരണം മുറബ്ബിയെ സിൽസില രാജാ ഖുർശീദ് അഹ്മദ് മുനീർ സാഹിബിന്റേതാണ്. അദ്ദേഹം ആസ്ത്രേലിയായിലായിരുന്നു. അവിടെവച്ചാണ് മരണപ്പെട്ടത്. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ മൂസിയായിരുന്നു. ഒരു നീണ്ടകാലം അദ്ദേഹത്തിന് പാക്കിസ്താനിലും കശ്മീരിലെ വിവിധ പ്രദേശങ്ങളിലും മുറബ്ബിയായി സേവനമനുഷ്ഠിക്കാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹം നിർഭയനായിരുന്നു. കശ്മീരിലെ സേവന കാലത്ത് വളരെ എതിർപ്പുകളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു.1974 ലെ കലാപാന്തരീക്ഷത്തിൽ അദ്ദേഹം വളരെ ധൈര്യത്തോടെ എതിർപ്പുകളെ തരണം ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ് ഒരു മീറ്റിംഗിൽ ഇദ്ദേഹത്തെ കുറിച്ച് ഇപ്രകാരം പറഞ്ഞു: 'അവിടെ നമ്മുടെ ഒരു ധൈര്യശാലിയായ മുറബ്ബിയുണ്ട്.' ധൈര്യശാലിയായ മുറബ്ബി എന്ന ടൈറ്റിൽ അദ്ദേഹത്തിന് ഹുദൂർ(റഹ്) നല്കി. രാജാ ഖുർശീദ് മുനീർ സാഹിബ് റാവൽപിണ്ടിയിലുള്ള തന്റെ ഒരു വീടും ജമാഅത്തിന് സമ്മാനമായി നല്കി. ഖലീഫത്തുൽമസീഹ് നാലാമന്റെ കാലത്ത് ഈ ഉപഹാരം ജമാഅത്ത് സ്വീകരിച്ചു. ഇന്തോപാക് വിഭജനത്തിനുശേഷം അദ്ദേഹം അഹ്മദ് നഗറിലേക്ക് പോയി. അവിടെ ജാമിഅ അഹ്മദിയ്യായും പിന്നീട് സ്ഥാപിതമായി. അവിടെ ഇദ്ദേഹം പഠിച്ചു. ചെലവ് നടത്തിക്കൊണ്ടുപോകാനായി ഒരു ചെറിയമുറിയിൽ ഒരു കടയും തുറന്നു. തുടർന്ന് 1948-ൽ ഫുർഖാൻ ബറ്റാലിയനിലും ഇദ്ദേഹം ചേർന്നു. 1949-ൽ മൗലവി ഫാളിൽ പാസ്സായി. ജമാഅത്തിലെ ശാഹിദിന്റെ ആദ്യ ക്ലാസിലെ പരീക്ഷ പാസ്സായ ശേഷം ജമാഅത്തിന്റെ മുറബ്ബി എന്ന നിലയിൽ പാക്കിസ്താനിലെ വിവിധ പ്രദേശങ്ങളിലും കശ്മീരിലും ദീനീ പ്രവർത്തനം ചെയ്തു. 1974-ൽ അദ്ദേഹത്തിന്റെ വീടിനുനേരെ ആക്രമണമുണ്ടായി. അദ്ദേഹം വളരെ ധൈര്യത്തോടെ അതിനെ നേരിട്ടു. ആൾക്കൂട്ടത്തിന്റെ കല്ലേറിൽ അദ്ദേഹത്തിന് പരിക്കേൾക്കുകയുണ്ടായി. എന്തായാലും വീട്ടുകാരെല്ലാം സുരക്ഷിതരായി. അദ്ദേഹം എല്ലാ പ്രതിസന്ധിഘട്ടത്തിലും ജമാഅത്തിൽ അടിയുറച്ചുനില്ക്കാൻ കുടുംബത്തെ ഉപദേശിക്കുമായിരുന്നു. ദൈവിക ജമാഅത്തുകൾക്ക് ഇത്തരത്തിൽ പ്രയാസങ്ങളുടെ പരീക്ഷണങ്ങളും സംഭവിക്കുന്നതാണ്. ആ സന്ദർഭങ്ങളിൽ സ്ഥൈര്യം കാഴ്ചവെക്കണം. വളരെ സാഹസികമായി ജമാഅത്തുകൾ സന്ദർശിക്കുമായിരുന്നു. പല തവണ ഇപ്രകാരം അഹ്മദികളുടെ വീടുകളിൽ പര്യടനം നടത്തുന്ന നേരത്ത് ആളുകൾ അദ്ദേഹത്തെ പിടികൂടി മർദിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, ഒരിക്കലും ഒരു തരത്തിലുള്ള പരാതിയും പരിഭവവും കാണിച്ചിരുന്നില്ല. അദ്ദേഹത്തിന് 4 ആൺകുട്ടികളും 4 പെൺകുട്ടികളുമാണുള്ളത്. അവരെല്ലാവരും ആസ്ത്രേലിയായിലാണുള്ളത്. അവിടെത്തന്നെയാണ് ഇദ്ദേഹം വഫാത്തായതും.

അടുത്ത അനുസ്മരണം ഉമീർ അഹ്മദ് നദീം സാഹിബിന്റേതാണ്. 56-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന് ക്യാൻസറിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഇദ്ദേഹത്തിന്റെ പ്രപിതാമഹനായ റഹീം ബഖ്ശ് സാഹിബ് മുഖേന 1897 ലാണ് ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് രംഗപ്രവേശം ചെയ്യുന്നത്. അദ്ദേഹം ഇമാം മഹ്ദി വന്നുവെന്ന വാർത്ത കേട്ടപ്പോൾ ജില്ല ഗുരുദാസ്പൂരിലെ തന്റെ ഗ്രാമമായ ശിക്കാർ പൂർമാഛിയാനിൽനിന്ന് ഖാദിയാനിലെ ജൽസയിൽ പങ്കെടുക്കുന്നതിന് പോകുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു.

ഉമീർ സാഹിബ് ജാമിയ പാസായതിനുശേഷം തദ്ദേശ ഇസ്‌ലാഹ് വ ഇർശാദിനു കീഴിൽ കുറച്ചുകാലം പ്രവർത്തനരംഗത്ത് പ്രവൃത്തിച്ചു. പിന്നീട് മൻസ്വൂബബന്ദി കമ്മിറ്റി ഓഫീസിൽ അദ്ദേഹം നിയമിതനായി. അതിനുശേഷം നള്ളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയായുടെ കീഴിൽ സേവനത്തിന് തൗഫീഖ് ലഭിച്ചു. 2005 മുതൽ വഫാത്താകുന്നതുവരെ ഇദ്ദേഹം നാളിർ വസിയ്യത്ത് ശുഅ്ബ ഇസ്തിഖ്ബാലിയായുടെ മുആവിനായിരുന്നു. അല്ലാഹു അദ്ദേഹത്തെ ഒരു മകനേയും ഒരു മകളേയും നല്കി അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ മകനും മുറബ്ബിയാണ്. അദ്ദേഹത്തിന് വളരെ നല്ല നിലയിൽ ജനസമ്പർക്കമുണ്ടാക്കാനുള്ള കഴിവുണ്ടായിരുന്നു. നല്ല ബാസ്കറ്റ്ബാൾ കളിക്കാരനായിരുന്നു. അക്കാരണത്താൽ പൊതുസമ്പർക്കമുണ്ടാക്കുകയും അത് ജമാഅത്തിന് പ്രയോജനകരമാക്കി തീർക്കുകയും ചെയ്തിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന ശീലക്കാരനായിരുന്നു. പ്രയാസ ഘട്ടങ്ങളിൽ വേഗം രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കുകയും കാലത്തിന്റെ ഖലീഫയ്ക്ക് കത്തെഴുതുകയും പതിവായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ നഫ്‌ലുകളും ദുആകളും സ്വീകരിക്കുകയും ചെയ്യുമായിരുന്നു.

അടുത്ത അനുസ്മരണം ഈസാ മവാക്കി തലീമ(Issa Mwaki Talima) സാഹിബിന്റേതാണ്. ടാൻസാനിയക്കാരനാണ്. കഴിഞ്ഞ ദിവസമാണ് ഇദ്ദേഹം വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചത്. 19-ാമത്തെ വയസ്സിൽ ചുറ്റുമുള്ള സാഹചര്യം കാരണം മതപരമായ ചർച്ചകളിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായി. അങ്ങനെ ഇസ്‌ലാം സ്വീകരിക്കാനുള്ള സൗഭാഗ്യവും കിട്ടി. കുറച്ചു വർഷങ്ങൾകൊണ്ട് ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെകുറിച്ച് പരിചയപ്പെട്ടു. ഗവേഷണം നടത്തിയശേഷം 1992ൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ബയ്അത്തിനുശേഷം പരേതന്റെ ഉള്ളിൽ നല്ലൊരു മാറ്റമുണ്ടായി. അത് അദ്ദേഹത്തിന്റെ ഉറ്റവർക്കും അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ സൽപ്രവർത്തനംകണ്ട് ഭാര്യയും ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം പരേതൻ ദീനിവിജ്ഞാനം വർധിപ്പിക്കാനായി വളരെ പരിശ്രമിച്ചു. ജോലി സമയത്തും ഇസ്‌ലാം-അഹ്മദി

(ശേഷം പേജ് 11 ൽ)

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 സെപ്റ്റംബർ 30 (തിങ്കളാഴ്ച) (തുടർച്ച)

◐ ഒരു ഖാദിം ചോദിച്ചു: അന്തരീക്ഷമാറ്റവുമായി (climate change) ബന്ധപ്പെട്ട് ജമാഅത്തിന് എന്ത് പങ്കാണ് വഹിക്കാനുള്ളത്?

ഹുദൂർ: ഖുദ്ദാമുൽ അഹ്മദിയ്യക്കാർ ഒരു ചെടി നട്ടിട്ട് മനസ്സിലാക്കുന്നത് തങ്ങൾ അന്തരീക്ഷം മാറ്റിയെന്നാണ്. അല്ലെങ്കിൽ ലജ്നകൾ നാലെണ്ണം നട്ടു. അല്ലെങ്കിൽ അൻസ്വാർ ചെടി നട്ടു. ഇപ്പോഴത്തെ പ്രശ്നം ഇതാണ്. വർധിച്ചു വരുന്ന ജനസംഖ്യക്കനുസരിച്ച് അവർക്ക് വസിക്കാൻ ഭൂമി വേണം. ഭൂമിയുടെ ആവശ്യം വരുമ്പോൾ വനവും മരങ്ങളും കുറഞ്ഞു വരും എന്നത് സ്വാഭാവികമാണ്. വനത്തിന്റെ ശതമാനം(percentage) കുറവാണ്. അതുകൊണ്ട് മരങ്ങൾ നിരന്തരം നടേണ്ടതാണ്. അതുകൊണ്ടാണ് ഈ രാജ്യങ്ങളിൽ മുപ്പത് നാൽപതു ശതമാനം വനം വേണമെന്ന് പറയുന്നത്. എന്നാൽ, പാക്കിസ്താൻ പോലെയുള്ള കള്ളന്മാർ ഒരുമിച്ചുകൂടിയ രാജ്യങ്ങളിൽ വനം മുറിച്ച് വില്പന നടത്തുകയും കൂടുതൽ വെച്ചുപിടിപ്പിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ദുഷ്ഫലങ്ങൾ ഉണ്ടാകും. അതിനാൽ നമുക്ക് പ്രാപ്തമായ വഴികളിലൂടെ കൂടുതൽ ജനങ്ങൾക്ക് അവബോധം(awareness)ഉണ്ടാക്കാൻ ശ്രമിക്കുക. മരങ്ങൾ വർധിപ്പിക്കുക. പച്ചപ്പ് (greenery)കൂട്ടുക.

ലോകം എങ്ങനെയാണ് അഭിവൃദ്ധിപ്പെടുക. ഇവിടെ വരുന്നതും കാറിലിരുന്നാണ്. അതുകൊണ്ട് കാർബൺ എമിഷൻ (emission) കുറയ്ക്കുക. ഡച്ച് ജനത സൈക്കിളോടിക്കുന്നു. നിങ്ങളും കൂടുതൽ സൈക്കിളോടിക്കുക. കുറച്ചുദൂരത്താണെങ്കിലും കാറുകളിലാണ് ആളുകൾ പോകുന്നത്. നമ്മുടെ പാക്കിസ്താനിൽനിന്നു വരുന്നവർ അധികവും ഇപ്രകാരമാണ് ചെയ്യാറുള്ളത്.

ഇക്കാര്യമാണ് നമുക്ക് ചെയ്യാനുള്ളത്. വൃക്ഷങ്ങൾ അധികമായി നടുക. plantation നടത്തുക. മറ്റു ലോകത്തുണ്ടാകുന്ന പുരോഗതിവച്ച് നോക്കുമ്പോൾ നമ്മുടെയടുക്കൽ വ്യവസായങ്ങളില്ല. അതുകൊണ്ട് നമുക്കെന്തു പങ്കാണ് വഹിക്കാൻ സാധിക്കുക? ചിമ്മിനിയിൽനിന്ന് smoke പുറത്തുവന്ന് pollution ഉണ്ടാക്കുന്നതരത്തിലുള്ള വ്യവസായങ്ങൾ നമ്മുടെ കൈയിലുണ്ടാകുമ്പോൾ നമുക്കും എന്തെങ്കിലും ചെയ്യാൻ കഴിയും. ഇപ്പോൾ ജമാഅത്തിന്റെയടുക്കൽ അങ്ങനെയൊന്നില്ല. നമുക്ക് ചെയ്യാൻ സാധിക്കുന്ന മറ്റു കാര്യങ്ങൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നു.

◑ ഒരു ഖാദിം ചോദിച്ചു: പരാജയം എന്നതിന്റെ വ്യാഖ്യാനം എന്താണ്? അല്ലെങ്കിൽ ഈ ലോകത്ത് പരാജിതനെന്ന് പറയപ്പെടുന്ന വ്യക്തിയാരാണ്? അല്ലെങ്കിൽ സ്വയം പരാജിതനെന്ന് മനസ്സിലാക്കുന്നവനാണോ?

ഹുദൂർ താഴെ കാണുന്ന പദ്യശകലം ചൊല്ലി.

**മായൂസ് വ ഗംസദ കോയി ഉസ്കേ സിവാ നഹീ**
**ഖബ്ള മേ ജിസ്കേ ഖബ്ളയെ സയ്ഫെ ഖുദാ നഹീം.**

(ദൈവത്തിന്റെ വാളിന്റെ നിയന്ത്രണം എതൊരുവന്റെ കൈയിലില്ലയോ അവനെക്കൂടാതെ നിരാശനും ദു:ഖിതനുമായി മറ്റാരുമല്ല)

അല്ലാഹുവിനോട് പ്രാർഥിക്കുക. എന്താണ് പരാജയം? നിരാശയാണ് പരാജയം. മനുഷ്യൻ പൂർണമായ നിലയിൽ പരിശ്രമിക്കുക എന്നതാണ് ശേഷിക്കുന്ന കാര്യം. തുടർന്ന് എത്രയധികം പ്രാർഥിക്കാൻ കഴിയുമോ പ്രാർഥിക്കുക. പിന്നീടുണ്ടാകുന്ന ഫലങ്ങൾ അല്ലാഹുവിൽ വിട്ടേക്കുക. അതാണ് അല്ലാഹുവിന്റെ തൃപ്തിയെന്ന് തുടർന്ന് അയാൾ മനസ്സിലാക്കേണ്ടതാണ്. ഇങ്ങനെ ചെയ്താൽ നിരാശയുണ്ടാകുകയില്ല. നൈരാശ്യം തന്നെയാണ് പരാജയം ആകുന്നത്. നമുക്ക് ഏതാണ് ഉത്തമമായിട്ടുള്ളതെന്ന് അല്ലാഹുവാണ് ഏറ്റവും നല്ലവണ്ണം അറിയുന്നത്. പരാജയത്തിന്റെ വ്യാഖ്യാനം എന്താണ്? ഒരു കാര്യം തനിക്ക് തീർച്ചയായും ലഭിക്കണമെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. നിങ്ങൾ അതിന്നു വേണ്ടി പൂർണശ്രമം നടത്തി. അതിന്നുവേണ്ടി അനിവാര്യമായതെല്ലാം നിങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. ആവശ്യമായ പരിശ്രമങ്ങളും നിങ്ങൾ ചെയ്തു. ഈ പരിശ്രമത്തോടൊപ്പം നിങ്ങൾ ദുആകളും ചെയ്തു. ഒരു വിശ്വാസിയുടെ കർത്തവ്യം ഇതു തന്നെയാണ്. ഒരു നിരീശ്വരവാദി കേവലം പരിശ്രമം നടത്തുന്നു. അതിന്നുള്ള പ്രതിഫലം അയാൾക്ക് ലഭിക്കുകയും ചെയ്യുന്നു. ഒരു വിശ്വാസി കേവലം അധ്വാനിക്കുന്നതുമുഖേന മാത്രം പ്രതിഫലം ലഭിക്കില്ല. അല്ലാഹുവിനെ ഒപ്പം ചേർക്കുക. അല്ലെങ്കിൽ പിന്നെ താൻ അല്ലാഹുവിനെ അംഗീകരിക്കുന്നില്ലെന്നും നിരീശ്വരവാദിയാണെന്നും പറയുക. ഒരു അഹ്മദി ആയിക്കൊണ്ട് അല്ലാഹുവിനെ അംഗീകരിച്ചിരിക്കുമ്പോൾ അധ്വാനിക്കേണ്ടിയും വരും. ദുആകളും ചെയ്യേണ്ടിവരും. ദുആ ചെയ്യുകയും അധ്വാനിക്കുകയും ചെയ്തിട്ടും ഫലങ്ങൾ പ്രാപ്തമാകുന്നില്ലെങ്കിൽ ഇത് നിങ്ങൾക്ക് നല്ലതല്ലെന്ന് അല്ലാഹു ഹൃദയത്തിൽ ഇട്ടുതരുന്നു. അല്ലെങ്കിൽ എന്താണോ സംഭവിക്കുന്നത് തനിക്ക് അത് നല്ലതിന്നു വേണ്ടിയാണെന്ന ആശ്വാസം കൈവരുന്നു. തന്മൂലം നൈരാശ്യം ഉണ്ടാവുകയേയില്ല. അതുകൊണ്ട് പരാജയത്തിന്റെ നിർവചനം ഗണിതസൂത്രവാക്യംപോലെ പറയാൻ സാധിക്കില്ല. ഏതുസ്ഥിതിയിലും നിരാശനാകരുത്. പൂർണ പരിശ്രമം നടത്തിക്കൊണ്ട് തന്റെ എല്ലാ ശേഷിയും വഴികളും ഉപയോഗത്തിൽ കൊണ്ടുവരേണ്ടതാണ്. തുടർന്ന് ദുആ ചെയ്യുക. അതുകഴിഞ്ഞാൽ വിഷയം അല്ലാഹുവിന് വിട്ടു കൊടുക്കുക.

വാഖ്ഫീനെ നൗ കുട്ടികളുടെ ഹുദൂറുമൊത്തുള്ള ഈ ക്ലാസ് 8.00 മണിക്ക് അവസാനിച്ചു. തുടർന്ന് ഹുദൂർ മഗ്രിബ്-ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### 2019 ഒക്ടോബർ 1 ചൊവ്വാഴ്ച

മസ്ജിദ് ബയ്ത്തുന്നൂറിൽ ഹുദൂർ 6.00 മണിക്ക് സ്വുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് ഓഫീസ് സംബന്ധമായ കത്തുകളും പൊതുജനങ്ങളുടെ കത്തുകളും റിപ്പോർട്ടുകളും ഹുദൂർ പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

ഇന്ന് രാവിലെ 11.30-ന് കുടുംബങ്ങളുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ചയായിരുന്നു. രാവിലത്തെ ഈ സെഷനിൽ 37 കുടുംബത്തിൽ നിന്നുള്ള 140 പേർ തങ്ങളുടെ പ്രിയ ഇമാമിനെ നേരിട്ട് ദർശനം നടത്തി സായൂജ്യമടഞ്ഞു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും എല്ലാവർക്കും സൗഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചു കുട്ടികൾക്ക് ചോക്ലേറ്റും വാത്സല്യത്തോടെ ഹുദൂർ നല്കി. ഹോളണ്ടിലെ വിവിധ ജമാഅത്തുകളിൽനിന്നു വന്നവരാണ് ഈ പരിപാടിയിൽ പങ്കെടുത്തത്.

പാക്കിസ്താനിൽനിന്നു വന്ന കുടുംബങ്ങളിൽപ്പെട്ടവരായിരുന്നു ഇവരിലധിക കുടുംബങ്ങളും. ജീവിതത്തിൽ ആദ്യമായി അവർ നേരിട്ട് ഹുദൂറിനെ കാണുകയായിരുന്നു. തങ്ങളുടെ ജീവിതത്തിലെ ആകെ സമ്പാദ്യം എന്ന നിലയിൽ ഈ അനുഗ്യഹീത നിമിഷങ്ങളിലൂടെ കടന്നു പോയ ഇവർ ഇമാമിനെ ദർശിച്ചതിൽ പൂർണ സന്തോഷത്തിലായിരുന്നു. അനുഗ്രഹങ്ങൾ സ്വരുക്കൂട്ടി ഓരോത്തരായി പുറത്തേക്ക് വന്നു കൊണ്ടിരുന്നു. തങ്ങളുടെ പ്രിയ ഇമാമിൽനിന്ന് ഓരോ വ്യക്തിയും ദുആയുടെ അനുഗ്രഹവും മന:സമാധാനവും കരസ്ഥമാക്കി. ദർശനത്തിനു വേണ്ടിയുള്ള അദമ്യമായ ദാഹത്തിന് ശമനം വരുത്തിയ അവർ ഈ അനുഗ്യഹീത നിമിഷങ്ങളിലൂടെ എന്നത്തേക്കുമായി ദാഹശമനം വരുത്തി.

ഒരു കുടുംബം കൂടിക്കാഴ്ചയ്ക്കുശേഷം പുറത്ത് വന്നപ്പോൾ അവരുടെ കുട്ടികളുടെ കണ്ണുകളിൽ കണ്ണീർ തളംകെട്ടിയിരുന്നു. ആനന്ദക്കണ്ണീരിൽ ഉന്മത്തരായ അവരുടെ കൈകളിൽ ഹുദൂർ നല്കിയ പേനയും ഉണ്ടായിരുന്നു. ഈ കണ്ണീര് അവർക്ക് ജീവജലമായിരുന്നു. ഇതു തന്നെയായിരുന്നു ജീവജലം. ഇതുതന്നെ അവരുടെ ദീനിനെ നന്നാക്കുന്നതോടൊപ്പം ഇഹലോകത്തേയും നന്നാക്കുന്നതാണ്. ആ അശ്രുകണങ്ങളെ, ആ അനുഗ്യഹീത നിമിഷങ്ങളെ സ്വന്തം ഹൃദയത്തിൽ അഴകോടെ സൂക്ഷിക്കുമെങ്കിൽ നമ്മൾ നമ്മുടെ ലക്ഷ്യം പ്രാപിച്ചു. തുടർന്ന് നമ്മുടെ തലമുറകളും ഈ അനുഗ്രഹത്തിൽനിന്നു പങ്ക് പറ്റുന്നതായിരിക്കും.

കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 02.00 മണിവരെ നീണ്ടു നിന്നു.*(ബദ്ർ ഉർദു 2019 നവംബർ 28)*

### ഹുദൂർ അൽമെറെ (Almere) നഗരത്തിൽ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനം

ഇന്ന് പരിപാടിയനുസരിച്ച് അൽമെറെ(Almere) നഗരത്തിൽ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ ഉൽഘാടനമായിരുന്നു. വൈകുന്നേരം 4.30ന് നൺസ്പീറ്റിൽനിന്ന്, അൽമെറെ നഗരത്തിലേക്ക് യാത്ര പുറപ്പെടാൻ താമസസ്ഥലത്തു നിന്നു ഹുദൂർ പുറത്തു വന്നു. ഇവിടെ നിന്ന് 50 കിലോമീറ്റർ ദൂരത്താണ് ഈ നഗരം സ്ഥിതി ചെയ്യുന്നത്.

ഫ്ളീവോലാന്റ്(Flevoland) സംസ്ഥാനത്താണ് അൽമെറെ (Almere) നഗരം സ്ഥിതി ചെയ്യുന്നത്. 1971-ലാണ് സമുദ്രത്തിന്റെ ഒരു ഭാഗം നികത്തി ഈ നഗരം രൂപപ്പെടുത്തി ജനവാസപ്രദേശമാക്കിയത്. 49 വർഷം മുമ്പേ ഇത് സമുദ്രമായിരുന്നു. ഇന്ന് ഇത് ഒരു സുന്ദരമായ ജാനവാസ പ്രദേശമാണ്. ഒരു ലക്ഷത്തി എൺപത്തി നാലായിരമാണ് ഇവിടുത്തെ ജനസംഖ്യ. ഇവിടുത്തെ ലെലിസ്റ്റെഡ്(Lelysted) പ്രദേശത്ത് 2007-ലാണ് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായത്. ഇപ്പോൾ മസ്ജിദ് നിർമിക്കാനും നമുക്ക് ഭാഗ്യം ലഭിച്ചിരിക്കുന്നു.

ഏകദേശം 50 മിനിറ്റ് യാത്രയ്ക്കുശേഷം മസ്ജിദ് ബയ്ത്തുൽ ആഫിയത്തിൽ ഹുദൂർ ആഗതരായി. ജമാഅത്തിലെ ആബാലവൃദ്ധം ആളുകളും ഒത്തുചേർന്ന് ആമോദത്തോടെയും വികാരാവേശത്തോടെയും ഹുദൂറിന് ഉജ്വല വരവേൽപു നല്കി. പെൺകുട്ടികൾ തങ്ങളുടെ കൈകളിൽ ഹോളണ്ട് ദേശീയ പതാകകൾ പിടിച്ചിരുന്നു. അവർ സ്വാഗതഗാനം ആലപിച്ചുകൊണ്ട് ഹുദൂറിനെ വരവേറ്റു. നാനാഭാഗത്തും സന്തോഷം തളം കെട്ടിയിരുന്നു.

ഹുദൂർ വാഹനത്തിൽനിന്നു പുറത്തേക്ക് വന്നതും അൽമെറെ അഹ്മദിയ്യാ ജമാഅത്ത് സ്വദർ ഹനീഫ് അഹ്മദ് സാഹിബ്, മുബല്ലിഗ് സഫീർ അഹ്മദ് സദ്ഖി സാഹിബ് എന്നിവർ ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു. കൈയ്യുയർത്തി ഹുദൂർ എല്ലാവരോടുമായി അസ്സലാമു അലയ്ക്കും പറഞ്ഞു.

തുടർന്ന് മസ്ജിദിന്റെ പുറം വാതിലിന്നുള്ളിലുള്ള ഭിത്തിയിൽ സ്ഥാപിച്ചിരുന്ന ഫലകം ഹുസൂർ അനാച്ഛാദനം ചെയ്ത് ദുആക്ക് നേതൃത്വം നല്കി. അതിനുശേഷം പുരുഷന്മാരുടെ ഹാളിലെത്തിയ ഹുദൂർ ളുഹർ അസ്ര് നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. ഇപ്രകാരം ഔദ്യോഗികമായി മസ്ജിദിന്റെ ഉൽഘാടനം നടന്നു.

നമസ്കാരശേഷം ലൈബ്രറി ഹാളിൽ വന്ന ഹുദൂർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു. ഹുദൂറിന്റെ വരവിന്നു മുമ്പേതന്നെ ഇലക്ട്രോണിക്, പ്രിന്റ്, സോഷ്യൽമീഡിയ പ്രതിനിധികൾ ഹുദൂറിനെ പ്രതീക്ഷിച്ച് ലൈബ്രറി ഹാളിൽ സന്നിഹിതരായിരുന്നു.

### പത്രസമ്മേളനം

ഇന്നത്തെ ഈ പത്രസമ്മേളനത്തിൽ ഹോളണ്ടിലെ ദേശീയ പത്രമായ ഡിവോക്സ്ക്രാന്തിന്റെ (De Volkskrant) പത്രപ്രവർത്തകൻ, റീജണൽ ഓൺലൈൻ പത്രമായ സ്വോളെ ന്യൂസ്(Zwolle Nieuws)ന്റെ പ്രവർത്തകൻ, റീജണൽ ഒംറോപ് ഫളീവോലാന്റ് ടി.വി.(Omroep Flevoland T.V) യുടെ ജേർണലിസ്റ്റ്, യൂറോ ടൈംസ് ബെൽജിയത്തിന്റെ പ്രതിനിധിയും മറ്റു പ്രതിനിധികളും പങ്കെടുത്തിരുന്നു.

ഡെ വോക്സ്ക്രാന്ത് De Volkskrant പത്രപ്രതിനിധി മിസ്റ്റർ ബെൻവാൻ റായിജ്(Mr.Ben van Raaij) അൽമെറെ മസ്ജിദ് ഉൽഘാടനത്തിൽ ഹുദൂറിന് ആശംസകൾ നേർന്നു. ഹുദൂർ അതിന് നന്ദി പറഞ്ഞു.

■ മിസ്റ്റർ റായിജ്: പാക്കിസ്താനിൽ അഹ്മദിയ്യാ ജമാഅത്തിന് മസ്ജിദ് നിർമാണം സാധ്യമാണോ?

ഹുദൂർ: ഇസ്‌ലാമികമായ ഒരു നടപടിക്രമവും നടത്താൻ പാക്കിസ്താനി നിയമം ഞങ്ങൾക്ക് അനുമതി നല്കുന്നില്ല. അതുകൊണ്ട് നിയമമനുസരിച്ച് ഞങ്ങൾക്ക് അവിടെ മസ്ജിദ് നിർമിക്കാൻ സാധിക്കില്ല. എന്നു മാത്രമല്ല, ഈ നിയമം നടപ്പിൽ വരുത്തുന്നതിനു മുമ്പേ ഞങ്ങൾ അവിടെ നിർമിച്ച

മസ്ജിദിനും മസ്ജിദ് എന്ന് വിളിക്കാൻ അനുവാദമില്ല.

■ മിസ്റ്റർ റായിജ്: കഴിഞ്ഞ വർഷം പാക്കിസ്താനിൽ പുതിയ സർക്കാർ വന്നു. ഈ പുതിയ സർക്കാർ ചിലരുടെ അഭിപ്രായത്തിൽ ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ ലിബറലാണെന്നാണ്. എന്നാൽ, ചിലരുടെ അഭിപ്രായത്തിൽ ഈ സർക്കാറിനും എന്ത് ചെയ്യുന്നതിനും കൂടുതൽ പ്രതിബന്ധങ്ങൾ ഉണ്ടെന്നാണ്. കാരണം അവർക്ക് മതന്യൂനപക്ഷങ്ങൾക്ക് എതിരിലുള്ള ചില ഗ്രൂപ്പുകളുടെ സഹായം പ്രാപ്തമാണ്. നിലവിലുള്ള സർക്കാറും പാക്കിസ്താനിലെ മതപരമായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് താങ്കളുടെ അഭിപ്രായം എന്താണ്?

ഹുദൂർ: പാക്കിസ്താനി ജനതയുടെ മനശ്ശാസ്ത്രം നോക്കുകയാണെങ്കിൽ, മതത്തിന്റെ വളരെ വലിയ വക്താക്കളാണെന്ന് വാദിക്കുന്നവരാണ് പാക്കിസ്താനികൾ. ഇക്കാരണത്താൽ പാക്കിസ്താനിലെ പൊതുജനം നാമമാത്ര പണ്ഡിതന്മാരുടെ അഥവാ മൗലവിമാരുടെ കൈകളിലാണ്. മസ്ജിദിന്റെ മിമ്പർ കൈവശമുള്ള ഇവർക്ക് രാഷ്ട്രീയപരമായി നിസ്സംശയം ഒരു ശക്തിയുമില്ലതന്നെ. എങ്കിലും പൊതു ജനങ്ങളെ പുറത്ത് തെരുവിൽ ഇറക്കാൻ ഇവർക്ക് കഴിയും. അതുകൊണ്ട് ഏതൊരു പാർട്ടി ഭരണത്തിൽവന്നു കൊണ്ട് ലിബറൽ എന്ന് പറഞ്ഞാലും ഈ മൗലവിമാരെ കുറിച്ച് ഭയത്തിലാണ്. കാരണം അവർക്ക് പൊതുജനത്തെ തെരുവിലിറക്കാൻ കഴിയുന്നു എന്നതാണ്. അതുകൊണ്ട് മൗലവിയെ കുറിച്ചുള്ള ഭയം നിലനില്ക്കുവോളം സർക്കാറിന് അവർ ആഗ്രഹിക്കുന്നത് ചെയ്യാൻ കഴിയുമെന്ന് പറയുക സാധ്യമല്ല.

■ മറ്റൊരു പ്രതിനിധി: നിങ്ങൾക്ക് പാക്കിസ്താനിൽ പോകാൻ സാധിക്കുമോ?

ഹുദൂർ: എനിക്ക് പാക്കിസ്താനിൽ പോകാൻ സാധിക്കും. എന്നാൽ, ഞാൻ തികച്ചും നിശബ്ദനായിരിക്കണമെന്ന നിബന്ധനയോടെയാണത്. ഞാൻ അവിടെ പോയി എന്നെ മുസ്‌ലിം എന്ന് പറയരുത്! ഇസ്‌ലാമികാധ്യാപനമനുസരിച്ചുള്ള ഒരു കാര്യവും ചെയ്യരുത്. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ മാർഗദർശി എന്ന കാരണത്താൽ ഞാൻ പാക്കിസ്താനിൽ പോകാൻ ആഗ്രഹിക്കുന്നില്ല. ഞാനവിടെ നിയ നമത്തിന്റെ അടിസ്ഥാനത്തിൽ നിശബ്ദനായിത്തന്നെ ഇരിക്കാനാണെങ്കിൽ അവിടെ പോയിട്ട് എന്ത് പ്രയോജനമാണുള്ളത്.

■ പത്രപ്രതിനിധി: താങ്കളുടെ വീക്ഷണത്തിൽ സാഹചര്യങ്ങൾ നന്നാക്കി തീർക്കാൻ എന്തു മാർഗമാണ് സ്വീകരിക്കാൻ കഴിയുക?

ഹുദൂർ: അഹ്മദികളെ അമുസ്‌ലിം എന്ന് പ്രഖ്യാപിച്ച നിയമം അവിടെ നിലനിൽക്കുവോളം അവസ്ഥകൾ നന്നാകില്ല. നിയമം അനുശ്ശാസിക്കുന്നത് നിയമത്തിന്റേയും ഭരണഘടനയുടേയും അടിസ്ഥാനത്തിൽ അഹ്മദികൾ മുസ്‌ലിമീങ്ങളല്ലെന്നാണ്. തുടർന്ന് ഈ നിയമം സിയാഉൽ ഹഖിന്റെ മാർഷൽ ലോ ഭരണകൂടം മുഖേന കൂടുതൽ കഠിനമാക്കപ്പെട്ടു. ഇപ്പോൾ നമുക്ക് അവിടെ അസ്സലാമു അലയ്ക്കും എന്ന് പറയാനും സാധിക്കില്ല. സ്വന്തം മസ്ജിദുകളെ മസ്ജിദുകളെന്നും പറയാൻ സാധിക്കില്ല. ഞാൻ സൂചിപ്പിച്ചതുപോലെ ഒരു തരത്തിലോ പ്രവൃത്തിയിലോ വാക്കിലോ സൂചനയിലോ മുസ്‌ലിം എന്ന് വെളിപ്പെടുത്താൻ സാധിക്കില്ല. അതുകൊണ്ട് ഈ നിയമം നിലനില്ക്കുവോളം ഒരു തരത്തിലുമുള്ള മുന്നേറ്റം ഉണ്ടാകുമെന്ന പ്രതീക്ഷയില്ല. ഇപ്പോൾ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കോ സർക്കാറിനോ ഈ നിയമം അവസാനിപ്പിക്കാനുള്ള ധൈര്യവുമില്ല.

■ റീജണൽ ഓൺലൈൻ പത്രമായ സ്വോളെ ന്യൂസ് (Zwolle Nieuws)ന്റെ പ്രതിനിധി മിസ്റ്റർ റീൻ ട്യൂനിങ്ക(Mr. Rein Tuininga) ചോദിച്ചു: ഇവിടെ ഹോളണ്ടിൽ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ട് താങ്കൾക്ക് എന്താണ് പറയാനുള്ളത്?

ഹുദൂർ: ഇവിടെ ഹോളണ്ടിലെ അഹ്മദിയ്യാ മുസ്‌ലിമീങ്ങളിലെ അധികപേരും രാഷ്ട്രീയ അഭയം തേടിയവരാണ്. അതായത് പാക്കിസ്താൻ നാട് ഉപേക്ഷിച്ച് ഈ നാട്ടിൽ വന്നവരാണ്. ഇവരെക്കൂടാതെ കുറച്ച് സുരിനാമിൽ നിന്നു വന്ന അഹ്മദികളുമുണ്ട്. അവർ കഴിഞ്ഞ കാലത്ത് ഡച്ച് കോളനിയായിരുന്ന കാരണത്താൽ ഇവിടെ വന്ന് താമസം ആയവരാണ്. എന്നാൽ, അഹ്മദികളിൽ അധികപേരും പാക്കിസ്താനിൽ നിന്നുവന്ന രാഷ്ട്രീയ അഭയാർഥികളാണ്. ഇവിടുത്തെ സർക്കാർ ഞങ്ങൾക്ക് സ്വന്തം വിശ്വാസം പ്രകടിപ്പിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അതിനെ പ്രചരിപ്പിക്കാനും അനുവാദം നല്കിയിരിക്കുന്നു എന്നുള്ളതു കൊണ്ടാണ് ഞങ്ങൾ ഇവിടെയുള്ളത്. ഈ നേരത്ത് ഞങ്ങളുടെ ജമാഅത്തിന്റെ ഭൂരിപക്ഷവും പാക്കിസ്താനികളാണ്. ഭാവിയെ കുറിച്ച് പറയുകയാണെങ്കിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ നിയോഗിതരായിട്ടുള്ളത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ്. ജനങ്ങൾക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ കുറിച്ച് ബോധ്യപ്പെടുത്താനാണ്. ആ യഥാർഥ അധ്യാപങ്ങൾ സ്നേഹത്തിലും ശാന്തിയിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമാണ്. അതേ കാര്യങ്ങളാണ് ഞങ്ങളും പ്രചരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഡച്ച് ജനതയിൽ നിന്നുള്ളവരും ഞങ്ങളുടെ ജമാഅത്തിൽ ചിലപ്പോൾ പ്രവേശിക്കാറുണ്ട്. എന്നല്ല, ഈ സമയത്ത് ഹോളണ്ട് ജമാഅത്തിന്റെ തലവനും ഒരു ഡച്ചുകാരനാണ്.

മതത്തിൽ ഒരുവിധ ബലാൽക്കാരവും ഇല്ലെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. എന്നാൽ, മറുവശത്ത് തെറ്റെന്താണെന്നും ശരി ഏതാണെന്നും മനസ്സിലാക്കി കൊടുക്കാനും നിർദ്ദേശിച്ചിരിക്കുന്നു. ഒരു മതപരമായ ജമാഅത്ത് എന്ന നിലയിലും മതത്തെ പിൻപറ്റുന്ന ഒരു വ്യക്തി എന്ന നിലയിലും സ്വന്തം മതത്തെ പ്രചരിപ്പിക്കുക എന്നത് ഞങ്ങളുടെ കർത്തവ്യമാണ്. ഈ മതം ആർക്കാണോ ഇഷ്ടമാകുന്നത് അവർ ഇതിലേക്ക് വരുന്നു. ജനങ്ങൾ വരുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്.കേവലം ഹോളണ്ടിൽ മാത്രമല്ല, എല്ലാ പാശ്ചാത്യരാജ്യങ്ങളിലും ഈ തലമുറയല്ലെങ്കിൽ അടുത്ത തലമുറ ഇസ്‌ലാമിലേക്ക് വരുന്നതായിരിക്കും. ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കുമെന്നും സ്വന്തം സ്രഷ്ടാവിനോട് അടുക്കുമെന്നുമുള്ള കാര്യത്തിൽ ഞങ്ങൾ പൂർണ്ണ പ്രതീക്ഷയിലാണ്.

■ റീജണൽ ഒംറോപ് ഫ്ളീവോലാന്റ് ടി.വി.(Omroep Flevoland T.V)യുടെ ജേർണലിസ്റ്റ് മിസ്റ്റർ മെന്നൊ ഹീബെയർ (Mr.Menno Hoeboer): ഇന്നത്തെ ദിവസം താങ്കൾക്ക് വളരെ സന്തോഷ സുദിനമായിരിക്കും?

ഹുദൂർ: തികച്ചും ശരിയാണ്. മസ്ജിദ് ഉൽഘാടനം ചെയ്യുന്ന ദിവസം ഞങ്ങൾക്കെല്ലാവർക്കും വളരെ വലിയ സന്തോഷമായിരിക്കും. ഇന്നത്തെ പ്രഭാഷണത്തിലും ഞാൻ ഈ മസ്ജിദ് ഉൽഘാട നത്തിനോട് അനുബന്ധിച്ച് സ്വന്തം വികാരങ്ങളും പ്രതികരണങ്ങളും വിവരിക്കുന്നതാണ്.

■ ഹീബെയർ:താങ്കൾ മസ്ജിദ് സന്ദർശിച്ചുവോ? മസ്ജിദിനെ സംബന്ധിച്ചുള്ള താങ്കളുടെ വീക്ഷണമെന്താണ്?

ഹുദൂർ: ഇപ്പോൾ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും നോക്കിയിട്ടില്ല. ഞാൻ മസ്ജിദിന്റെ മുകളിലെ ഹാളിൽ പോയിരുന്നു. അത് വളരെ നല്ലതായി തോന്നി. നമ്മുടെ സാമ്പത്തിക സ്ഥിതി വെച്ചുകൊണ്ട് നോക്കുമ്പോൾ വളരെ വലിയ മസ്ജിദ് നിർമിക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. എന്നു മാത്രമല്ല കൗൺസിലും വലിയ മസ്ജിദ് നിർമിക്കാൻ ഞങ്ങൾക്ക് അനുമതി നല്കിയിട്ടില്ല. ഇവിടെ മസ്ജിദ് നിർമിക്കാൻ ഞങ്ങൾ തുടക്കം കുറിച്ചപ്പോൾ ഞങ്ങളുടെ ജമാഅത്തംഗങ്ങളുടെ എണ്ണവും വളരെ കുറവായിരുന്നു. എന്നാലിപ്പോൾ എണ്ണത്തിൽ വർധന വരുന്നതായി ഇവിടെനിന്ന് എനിക്കറിയാൻ സാധിച്ചു. അതുകൊണ്ട് ജമാഅത്തായുള്ള നമസ്കാരത്തിന് എല്ലാവരും ഇവിടെ ഒത്തു കൂടിയാൽ ഈ മസ്ജിദ് മതിയാകുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ബാഹ്യമായ നിലയിൽ ക്ഷണത്തിൽ ഈ മസ്ജിദ് എങ്ങെനെയുണ്ട് എന്ന ചോദ്യത്തിന് മറുപടി നല്കേണ്ടത് നിങ്ങളാണ്. ഈ മസ്ജിദ് ആർക്കിടെക്ചറൽ ഡിസൈൻ അനുസരിച്ച് യോജിച്ചു വരുന്നുണ്ടോ?

■ മിസ്റ്റർ ഹീബെയർ: താങ്കൾ ഈ മസ്ജിദ് ഉൽഘാടനത്തിന് എത്തുംവിധം ഇതിന്റെ പ്രത്യേകത എന്താണ്?

ഹുദൂർ: ഇവിടുത്തെ നമ്മുടെ ജമാഅത്ത് വളരെ ചെറുതാണ്. വല്ലപ്പോഴുമേ എനിക്ക് ഇവിടെ വരാൻ സാധിക്കാറുള്ളൂ. ഒരു നീണ്ട കാലത്തിനു ശേഷമാണ് അല്ലാഹു നമുക്കിവിടെ ഈ മസ്ജിദ് നല്കിയത്. അതുകൊണ്ട് ഇവിടുത്തെ ജമാഅത്തംഗങ്ങളുടെ ആഗ്രഹമാണ് ഞാനിവിടെ വന്ന് ഈ മസ്ജിദ് ഉൽഘാടനം നടത്തണമെന്നത്. ജർമനിയിലും ഞങ്ങൾ ഓരോ വർഷവും നാലോ അഞ്ചോ മസ്ജിദുകൾ ഉൽഘാടനം ചെയ്യാറുണ്ട്. ഞാൻ അവിടേയും പോകാറുണ്ട്. പോകാൻ സാധിക്കുന്ന സ്ഥലങ്ങളിലെല്ലാം പോകാറുണ്ട്. ഇപ്രകാരം പ്രാദേശിക വ്യക്തികളെ കാണാനും എനിക്ക് സാധിക്കും. അവർക്ക് ഒരു ഉത്സാഹം തന്മൂലം ലഭിക്കുന്നു. ജമാഅത്തിന്റെ ഇമാമുമായുള്ള അവരുടെ ബന്ധത്തിന് ശക്തി വർധിക്കുകയും തന്മൂലം ആത്മീയതയിൽ വർധനയുണ്ടാകുകയും ചെയ്യുന്നു.

■ ബെൽജിയത്തിൽനിന്നു വന്ന യൂറോ ടൈംസ് പത്രത്തിന്റെ പ്രതിനിധി മിസ്റ്റർ മുഹമ്മദ് ദീ ശാൻ സാഹിബ് ചോദിച്ചു: ഇക്കാലഘട്ടത്തിൽ രാഷ്ട്രീയക്കാരും ശാസ്ത്രജ്ഞരും അന്തരീക്ഷവ്യതിയാനത്തെ കുറിച്ച് ബോധ്യപ്പെടുത്താൻ ശ്രമിച്ചു വരുന്നു. ഇതു വിഷയകമായി ഹുദൂർ എന്താണ് വിചാരിക്കുന്നത്?

ഹുദൂർ: ലോകത്ത് നാനാഭാഗത്തും ജനസംഖ്യാ തോത് വർധിക്കുന്ന കാരണത്താൽ നിർമാണപരമായ പ്രദേശങ്ങളിലും വർധന വന്നു കൊണ്ടിരിക്കുന്നു എന്നത് പ്രകടമാണ്. ജനങ്ങൾക്ക് താമസിക്കണം. ഇതു കാരണത്താൽ വൃക്ഷങ്ങൾ മുറിക്കപ്പെടുന്നു. വനപ്രദേശം കുറഞ്ഞു വരുന്നു. പുതിയ വൃക്ഷങ്ങൾ നടപ്പെടുന്നുമില്ല; വിശിഷ്യാ പരുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ. ഇതോടൊപ്പം കാർബൺ എമിഷൻ നടക്കുന്നതിന് വ്യവസായങ്ങളും കാരണമായി മാറുന്നു. ഇതെല്ലാം അന്തരീക്ഷത്തെ ദോഷകരമായി ബാധിക്കുന്നു. ഇതുകൂടാതെ യുദ്ധങ്ങളും അന്തരീക്ഷത്തെ ബാധിക്കുന്നുണ്ട്. ഇപ്പോൾ ഭൂരിപക്ഷം നിരീക്ഷകരും പറയുന്നത് മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നടന്നു വരുന്ന യുദ്ധങ്ങളിലൂടെ പുറത്തേക്ക് വരുന്ന വാതകങ്ങൾ താപത്തെ വർധിപ്പിക്കുന്നുവെന്നാണ്. അതുകൊണ്ട് ഇതും അന്തരീക്ഷമാറ്റത്തിന് കാരണമാകാവുന്നതാണ്. എന്നല്ല, എന്റെ വീക്ഷണത്തിൽ ഇതും ഒരു കാരണമാണ്.

അതുകൊണ്ട് മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിലേക്ക് സവിശേഷ ശ്രദ്ധ നമ്മൾ പുലർത്തേണ്ടതുണ്ട്. കൂടാതെ കാർബൺ എമിഷൻ കുറക്കുന്നതിലേക്കും ശ്രദ്ധ പുലർത്തണം. ഇക്കാലഘട്ടത്തിൽ ഉപയോഗിച്ചു വരുന്ന ആയുധങ്ങളും എമിഷൻ നടത്തുന്നുണ്ട്. വ്യവസായവും ഒരു കാര ണമായി തീരുന്നു.

■ മിസ്റ്റർ ദീ മുഹമ്മദ് ശാൻ സാഹിബ്: ഡച്ച് സർക്കാർ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും പർദ്ദയും ബുർഖയും നിരോധിച്ചിരിക്കുന്നു. ഇതു വിഷയകമായി ഹുദൂറിന്റെ പ്രതികരണം എന്താണ്?

ഹുദൂർ: ഏതെങ്കിലും വ്യക്തി ഇന്ന തരത്തിലുള്ള വസ്ത്രം ധരിക്കുന്നത് തന്റെ മതപരമായ കടമയാണെന്ന് വ്യക്തമാക്കി കഴിഞ്ഞാൽ അവരുടെ കാര്യങ്ങളിൽ സർക്കാർ ഇടപെടരുത് എന്നതാണ് എന്റെ അഭിപ്രായം. ഇത് മറ്റുള്ളവരുടെ മതപരമായ കാര്യങ്ങളിൽ ഇടപെടലാകും. തനിക്ക് തലപ്പാവ് ധരിക്കാനുള്ള അവകാശമുണ്ടെന്ന് കനഡയിലെ പാർലമെന്റിൽ ഒരു സിഖ് വിശ്വാസി പ്രസംഗിച്ചിരുന്നു. ഒരു യഹൂദിക്ക് തന്റെ ചെറിയ തൊപ്പി ധരിക്കാനുള്ള അവകാശമുണ്ട്. ക്രൈസ്തവർക്കും അവകാശങ്ങളുണ്ട്. ഇതേപോലെതന്നെ മുസ്‌ലിം സ്ത്രീകൾ ഒരു നിർബന്ധവുമില്ലാതെ സ്വന്തം ഇഷ്ടമനുസരിച്ച് ബുർഖയോ പർദയോ ധരിക്കാൻ ആഗ്രഹിച്ചാൽ അവരെ അവരുടെ അവകാശത്തിൽനിന്ന് തടയാതിരിക്കേണ്ടതാണ്.

■ ഒരു പത്രപ്രവർത്തകൻ: ഇവിടെ പ്രസ് കോൺഫ്രൻസിൽ ഒരു സ്ത്രീയുമില്ല. ഇതിന്റെ കാരണം എന്താണ്?

ഹുദൂർ: സ്ത്രീകളാരും എന്തു കൊണ്ടില്ല എന്നതിന്റെ കാരണം എനിക്കറിയില്ല. ജർമനിയിലോ അമേരിക്കയിലോ കനഡയിലോ മറ്റും ഞാൻ പോകുമ്പോൾ അവിടെയുള്ള പ്രസ് കോൺഫ്രൻസുകളിൽ ധാരാളം സ്ത്രീകളും പങ്കെടുക്കാറുണ്ട്.

■ പത്രപ്രവർത്തകൻ:സ്ത്രീകൾക്ക് ഈ മസ്ജിദിൽ പ്രവേശനമുണ്ടാകുമോ? പുരുഷന്മാരോടൊപ്പം അവർക്ക് നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിയുമോ?

ഹുദൂർ: ആദ്യത്തെ കാര്യം സ്ത്രീകൾക്ക് മസ്ജിദിൽ വരാൻ അനുവാദമുണ്ടെന്നതാണ്. രണ്ടാമത്തേത് മസ്ജിദിൽ നമസ്കരിക്കുന്നതിനും അനുവാദമുണ്ട്. പക്ഷേ, ഞങ്ങളുടെ മതപരമായ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് നമസ്കരിക്കുന്നതിനുവേണ്ടി ഏകദേശം പുരുഷന്മാരുടെ അത്ര വലുപ്പത്തിൽ ഒരു ഹാൾ വേറെയുമുണ്ടാക്കിയിട്ടുണ്ട്. ചില നേരങ്ങളിൽ പുരുഷന്മാർ മേലയും സ്ത്രീകൾ താഴെയുമായിരിക്കും. ചിലപ്പോൾ പുരുഷന്മാർ താഴെയും സ്ത്രീകൾ മേലയുമായിരിക്കും. ഞങ്ങളുടെ വിശ്വാസമനുസരിച്ച്

(ശേഷം പേജ് 12 ൽ)

## ◐ അനുസ്മരണം ◑

# മുഅല്ലിം മൗലവി കെ റിയാസ് അഹ്മദ് കരുളായ്

കരുളായി സ്വദേശിയും ചുങ്കത്തറ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ മുഅല്ലിമായി സേവനമനുഷ്ഠിച്ചുവരികയുമായിരുന്ന മൗലവി കെ.റിയാസ് അഹ്മദ് സാഹിബ് (43) ജൂൺ മൂന്നാം തിയതി അർധരാത്രി 2 മണിക്ക് തന്റെ നാഥനിലേക്ക് യാത്രയായി. ***ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*** പരേതനായ അബ്ദുർറഹ്മാൻ സാഹിബിന്റെയും നഫീസ സാഹിബയുടെയും മകനായി 1978 ഫെബ്രുവരി 4ന് കരുളായിലാണ് മൗലവി സാഹിബിന്റെ ജനനം. 1993ൽ അദ്ദേഹം മെട്രിക് പാസാവുകയും ജീവിതം ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സേവനത്തിന് സമർപ്പിച്ചുകൊണ്ട് മതപഠനത്തിനായി ഖാദിയാനിലേക്ക് യാത്ര പുറപ്പെടുകയും ചെയ്തു. അവിടെ ജാമിയത്തുൽ മുബശ്ശിരീനിൽനിന്ന് രണ്ടുവർഷം കോഴ്സ് പൂർത്തിയാക്കി 1995-ൽ മുഅല്ലിം ഡിഗ്രി കരസ്ഥമാക്കി സേവനരംഗത്തേക്ക് ചുവടുവെക്കുകയായിരുന്നു. മൗലവി മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇരുവരെയും ആദ്യമായി ആന്ധ്രാപ്രദേശിലാണ് നിയമിച്ചത്. മൗലവി കെ.റിയാസ് അഹ്മദ് സാഹിബിന്റെ ആദ്യനിയമനം ആന്ധ്രയിലെ ഗാർലപഹാടി ജില്ലയിലെ മഹ്ബൂബ് നഗറിലായിരുന്നു. പിന്നീട് വെസ്റ്റ് ഗോദാവരി ജില്ലയിലെ തിമ്മക്കപ്പാലം, കുർലമണ്ട, തെട്‌ലം, കൊവ്വൂർപാട്, എന്നിവിടങ്ങളിലും അതുകഴിഞ്ഞ് ഈസ്റ്റ് ഗോദാവരി ജില്ലയിലെ കോട്ടവുരട്ട്ല, വംഗലപുടി എന്നീ ജമാഅത്തുകളിലും ആയിരുന്നു. ഈസ്റ്റ്ഗോദാവരിയിൽ ഇൻചാർജായി സേവനം ചെയ്യാനുള്ള സൗഭാഗ്യവും അദ്ദേഹത്തിന് ഉണ്ടായിട്ടുണ്ട്. മൗലവി സാഹിബ് പല പ്രാവശ്യങ്ങളായി വംഗലപുടി ജമാഅത്തിൽ പത്ത് വർഷത്തോളം സേവനം ചെയ്യുകയും അതിനെ ഒരു മാതൃകാ ജമാഅത്താക്കിത്തീർ ക്കുകയും ചെയ്തു.

നവ അഹ്മദികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും വിധം കേരളത്തിൽ നിന്ന് ഖലീഫമാരുടെ ഖുത്ബ പരിഭാഷകൾ വരുത്തി അവ തെലുങ്കുഭാഷയിൽ തർജമ ചെയ്ത് കൃത്യമായി കേൾപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിന്നു.അതിന്റെ ഫലമായി തെലുങ്കിൽ അദ്ദേഹത്തിന് നല്ല പ്രാവീണ്യം നേടാനും സാധിച്ചു .നവ അഹ്മദികളുടെ തൊഴിൽ പ്രശ്നങ്ങൾ, വൈവാഹികബന്ധങ്ങൾ തുടങ്ങിയവയിൽ വളരെ ശ്രദ്ധയോടെ ഇടപെട്ടുകൊണ്ട് അവരെ സഹായിക്കുകയും, മാർഗനിർദ്ദേശം നൽകുകയും ചെയ്യുമായിരുന്നു.കേരളത്തിലെത്തിയതിനു ശേഷവും അവിടുത്തെ നവ അഹ്മദികളുമായി നിരന്തരം ബന്ധം നിലനിറുത്തിയിരുന്നു.

ഹിന്ദുക്കളിൽ നിന്നും മറ്റും പുതുതായി ബയ്അത്ത് ചെയ്ത് വരുന്നവരെ ഖുർആൻ പഠിപ്പിക്കാനും നമസ്ക്കാരം പഠിപ്പിക്കാനും അവർക്ക് ഏറ്റവും നല്ലരീതിയിൽ ഇസ്‌ലാമിക ശിക്ഷണം നൽകാനും മൗലവി സാഹിബിന് പ്രത്യേക ആവേശവും ഉത്സാഹവുമായിരുന്നു.അവരുടെ ദുഃഖത്തിലും സന്തോഷത്തിലുമെല്ലാം മൗലവി സാഹിബും പങ്കാളിയായിരുന്നു. തെലുങ്ക് ഭാഷയിലുള്ള മൗലവി സാഹിബിന്റെ പ്രസംഗം അവിടെ ഉള്ളവരെ വല്ലാതെ സ്വാധീനിച്ചിരുന്നു. അതുപോലെ മൗലവി സാഹിബിന്റെ ബാങ്കും ഖുർആൻ തിലാവത്തും കേൾക്കാൻ ഹിന്ദുസഹോദരങ്ങൾ ശ്രദ്ധയോടെ കാതോർത്തിരിക്കുമായിരുന്നു. 2013 ൽ കേരളത്തിലേക്ക് ട്രാൻസ്ഫർ ആയതിനുശേഷവും മൗലവി സാഹിബ് തന്റെ മരണം വരെ ആന്ധ്രയിലുള്ള അഹ്മദികളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. വാട്സാപ്പുകളിൽ വരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൽഫൂദാത്തിന്റെ മലയാളം ദർസുകളും മറ്റു ഉദ്ധരണികളും എല്ലായിപ്പോഴും തെലുങ്കിലേക്ക് തർജമ ചെയ്ത് അവരിലേക്ക് എത്തിച്ചുകൊണ്ടിരുന്നു. അവിടെയുള്ള അഹ്മദി സഹോദരങ്ങൾ തങ്ങളുടെ വിഷമങ്ങളും പ്രയാസങ്ങളും മൗലവി സാഹിബിനെ അറിയിക്കുകയും ദുആക്കപേക്ഷിക്കുകയും, ഈ അവസരത്തിൽ എന്ത് ദുആയാണ് തങ്ങൾ ചെയ്യേണ്ടതെന്ന് ചോദിക്കുകയും ചെയ്യുമ്പോൾ അവരോട് ഇന്ന ഇന്ന ദുആ ചെയ്യുക അല്ലാഹു എല്ലാ പ്രയാസങ്ങളും അകറ്റിത്തരുമെന്ന് പറഞ്ഞു അവരെ സമാശ്വസിപ്പിക്കൽ പതിവായിരുന്നു. അതുപോലെ അവർക്ക് എന്തെങ്കിലും അസുഖമുണ്ടായാൽ അതിനുള്ള ഹോമിയോ മരുന്നുകളും മറ്റും പറഞ്ഞു കൊടുക്കുമായിരുന്നു. ചുരുക്കത്തിൽ ആന്ധ്രാപ്രദേശിൽ മൗലവി സാഹിബ് എവിടെയൊക്കെ സേവനം ചെയ്തിട്ടുണ്ടോ അവിടുത്തെ അഹ്മദികളുടെ ഹൃദയത്തിൽ അദ്ദേഹം ജീവിക്കുന്ന ഒരാളായി മാറുകയാണുണ്ടായത്.

2013 ലാണ് മൗലവി സാഹിബ് കേരളത്തിൽ കരുളായി ജമാഅത്തിൽ ആദ്യമായി ട്രാൻസ്ഫർ ചെയ്ത് വന്നത്. അതിനുശേഷം മഞ്ചേരിയിലും പിന്നെ ചുങ്കത്തറയിലും മുഅല്ലിമായി സേവനം ചെയ്തു. എല്ലായിപ്പോഴും തബ്‌ലീഗ്, തർബിയ്യത്ത്, തഅ്‌ലിം കാര്യത്തിൽ മുഴുകിയിരിക്കുന്നത് കാണാമായിരുന്നു. കൊറോണ കാരണം മസ്ജിദുകൾ അടഞ്ഞു കിടന്ന സന്ദർഭങ്ങളിലൊക്കെ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ നിർദ്ദേശം പാലിച്ചു തന്റെ വീട്ടിൽ ഭാര്യാമക്കളെയും അടുത്ത ബന്ധുക്കളെയും ഒരുമിച്ചുകൂട്ടി കൃത്യമായി ജുമുഅ നമസ്ക്കാരവും, ഫർള് നമസ്ക്കാരവും നിർവഹിച്ചു പോന്നു. ഖിലാഫത്തുമായി ബന്ധപ്പെട്ട് ജീവിക്കുവാൻ മക്കളെ എപ്പോഴും ഉണർത്തിക്കൊണ്ടിരുന്നു. കരുളായി മദ്രസയിൽ കുട്ടികൾ അധികമുള്ളതിനാൽ മൗലവി സാഹിബ് സ്വയമേവ അവരെ പഠിപ്പിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ഈ വിനീതനെ എല്ലായിപ്പോഴും സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ അടുത്ത കാലത്ത് കരുളായി ജമാഅത്തിന്റെ കീഴിൽ നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച നിസ്ക്കാര സെന്ററിൽ മൗലവി സാഹിബ് ജില്ലാ അമീർ സാഹിബിന്റെ അനുവാദത്തോടുകൂടി വീഴ്ച്ചവരുത്താതെ പോവുകയും ദർസ് നൽകുകയും അവിടെയുള്ള കുട്ടികൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങൾ നുകർന്നു നൽകാൻ സമയം കണ്ടെത്തുകയും ചെയ്തിരുന്നു. മലപ്പുറം ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന മൗലവിമാർ ഒത്തുകൂടി എല്ലാ മാസവും സംഘടിപ്പിച്ചുവന്ന തബ്‌ലീഗ് പരിപാടിയിൽ മൗലവി സാഹിബ് വളരെ ആവേശത്തോടെ പങ്കെടുക്കുകയും അഹ്മദിയ്യത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും ചെയ്യുമായിരുന്നു. 2018 ൽ പരിശുദ്ധ കഅ്ബാലയത്തിൽ പോയി ഉംറ ചെയ്യാനുള്ള സൗഭാഗ്യവും അല്ലാഹു മൗലവി സാഹിബിന് നൽകി.

ശാന്തസ്വഭാവിയും മിതഭാഷിയുമായിരുന്നു മൗലവി സാഹിബ് ഒരിക്കലും താൻ അറിയപ്പെടണം എന്ന നിലയിൽ ആരെയും കാണിക്കാൻ അദ്ദേഹം ഒന്നും ചെയ്തില്ല. അദ്ദേഹം ഒരു അനുഗൃഹീത വ്യക്തിത്വത്തിനുടമയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും പ്രദാനം ചെയ്യുമാറാകട്ടെ. കുടുംബാംഗങ്ങൾക്ക് ഏറ്റവും നല്ല ക്ഷമയും സഹനവും നല്കി അനുഗ്രഹിക്കുമാറാകട്ടെ ആമീൻ.

ഭാര്യ : കൊടുങ്ങല്ലൂർ ജമാഅത്തിലെ ബീരാൻ സാഹിബിന്റെ മകൾ സറീന. മക്കൾ :റിസ്‌വാന, ഇർശാദ് അഹ്മദ്, മസ്‌റൂർ അഹ്മദ്.

മരുമകൻ: വാണിയമ്പലം ജമാഅത്തിലെ സി. കെ ഹാസിൽ അഹ്മദ്.

സഹോദരങ്ങൾ : ജമീൽ, താഹ, താജുദ്ദീൻ, സകീന, ജുമയ്ലത്ത്, സീനത്ത്, അലീമ

*എസ്.വി ശബീൽ അഹ്മദ് ശാഹിദ്*
*മുറബ്ബിയെ സിൽസില, കരുളായി*


## ദാറുസ്സ്വനാഅത്ത് ഖാദിയാൻ

Ahmadiyya Vocational
(Technical)
Training Centre, Qadian

**പ്രവേശനനം ആരംഭിച്ചിരിക്കുന്നു.**
**സാങ്കേതികവിദ്യകൾ പഠിക്കാൻ**
**ആഗ്രഹിക്കുന്ന യുവാക്കൾ അപേക്ഷിക്കുക.**

**ഖാദിയാനിലെ ദാറുസ്സ്വനാഅത്തിൽ സാങ്കേതിക ശാസ്ത്ര ക്ലാസിലേക്കുളള പ്രവേശനം ആരംഭിച്ചിരിക്കുന്നുവെന്ന വിവരം എല്ലാ അഹ്മദിയുവാക്കളേയും അറിയിക്കുകയാണ്. ഈ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ/പ്ലംബിംഗ്/ ഡീസൽ മെക്കാനിക്/**Motor Vehicle Mechanic/AC & Refrigerator/ **കമ്പ്യൂട്ടറിന്റെ ഒരു വർഷത്തെ കോഴ്സ് ചെയ്യിക്കുന്നു. സർക്കാർ സ്ഥാപനമായ** NSIC **യുടെ** Certificate **നല്കുന്നതായിരിക്കും. ഇത് സാങ്കേതികവിദ്യ പഠിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുളള ഉത്തമമായ അവസരമാണ്. സ്കൂളിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാതെ വന്ന യുവാക്കൾക്ക് ഈ കോഴ്സിൽ ചേർന്ന് ഫലമെടുക്കാവുന്നതാണ്. ഖാദിയാനു പുറത്തുളള അഹ് മദി ചെറുപ്പക്കാർക്ക് താമസത്തിനും ഭക്ഷണത്തിനുമുളള സൗകര്യം ലഭിക്കുന്നതാണ്. താമസത്തിനും ഭക്ഷണത്തിനും ഒരു ഫീസും ഈടാക്കുന്നതല്ല. പഠിക്കാനാഗ്രഹിക്കുന്ന യുവാക്കൾ എത്രയും വേഗം താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**

**ഫോൺനമ്പർ:** 8077546198
9872725895
9872923363

**ഈമെയിൽ:**
darulsanaat.qadian @gmail .com
**(പ്രിൻസിപ്പാൾ ദാറുസ്സ്വനാഅത്ത് ഖാദിയാൻ)**







## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി ന്ല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

(പേജ് 7 ൽ നിന്ന്)

യ്യത്തിനുവേണ്ടി തബ്‌ലീഗു ചെയ്യാനുള്ള ഒരു അവസരവും വിടില്ലായിരുന്നു. ചന്ദ നല്കുന്ന കാര്യത്തിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. ദൈവമാർഗത്തിൽ നല്കുന്നതുകൊണ്ട് കച്ചവടത്തിലും ധനത്തിലും ബർക്കത്തുണ്ടാകുമെന്ന് പലപ്പോഴും പറയാറുണ്ടായിരുന്നു. ബിസിനസായിരുന്നു ഇദ്ദേഹത്തിന്. വളരെ സോഷ്യലും സൽസ്വഭാവിയും വിനയാന്വിതനുമായിരുന്നു. വഖ്ഫെ സിന്ദഗികളേയും ജമാഅത്ത് ഭാരവാഹികളേയും ജമാഅത്തിനു വേണ്ടി സേവനം ചെയ്യുന്നവരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. പരേതൻ മൂസിയുമായിരുന്നു. സന്തപ്തകുടുംബത്തിൽ രണ്ടു ഭാര്യമാരും പത്തു മക്കളുമുണ്ട്. അമീർ മിഷണറി ഇൻചാർജ് ടാൻസാനിയ എഴുതുന്നു: പരേതനെ ദാറുസ്സലാമിന്റെ റീജണൽ പ്രസിഡന്റായി നിശ്ചയിച്ചു. അദ്ദേഹത്തിന്റെ പ്രകൃതത്തിൽ ലാളിത്യം വളരെ മുന്തി നിന്നിരുന്നു. അക്കാരണത്താൽ ജനഹൃദയങ്ങളിൽ അദ്ദേഹത്തിന് ഇടം ലഭിച്ചിരുന്നു. നിശബ്ദ സേവനം ചെയ്യുന്നവയോധികനായിരുന്നു. പിന്നീട് അദ്ദേഹം നാഇബ് അമീർ ടാൻസാനിയയായും നിയമിതനായി. ആ ചുമതല അദ്ദേഹം വളരെ ഭംഗിയായി നിറവേറ്റി. അദ്ദേഹം വളരെ വിവേകമതിയായിരുന്നു. എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയുടെ ബഹുമാനാദരങ്ങളെ കുറിച്ച് ബോധവാനായിരുന്നു. അഹ്മദികളോടു പരസ്പരം സഹിഷ്ണുതയോടെ കഴിയാനും അഹ്മദിയ്യ ഖിലാഫത്തുമായി ബന്ധംസ്ഥാപിക്കാനും എപ്പോഴും ഉപദേശിക്കുമായിരുന്നു. ജമാഅത്ത് സേവകരുടെ വ്യക്തിഗത ആവശ്യങ്ങളേയും ശ്രദ്ധിക്കുമായിരുന്നു. സാധ്യമായ എല്ലാ തരത്തിലും സഹകരിക്കാനായി ശ്രമിക്കുമായിരുന്നു. മാത്രമല്ല ജമാഅത്ത് ജീവനക്കാരെ രാവിലെ സ്വന്തം ജോലിക്ക് ഓഫീസിൽ പോകുമ്പോൾ കൂടെകൊണ്ടുപോകുമായിരുന്നു; ബസ്സിൽപ്പോയി സമയം നഷ്ടപ്പെടാതിരിക്കാൻവേണ്ടി. നമസ്കാര സെന്റർ എന്ന നിലയിൽ ഒരു മുറി വീട്ടിൽ മാറ്റി വെച്ചിരുന്നു. അവിടെയാണ് നമസ്കരിക്കാറുണ്ടായിരുന്നത്. മൂസികളോടു ഹിസ്സ ജാഇദാദ് നല്കാൻ ആവശ്യപ്പെട്ടപ്പോൾ ഏറ്റവുമാദ്യം തന്റെ വിലപിടിപ്പുള്ള രണ്ടുസ്വത്തുക്കളുടെ തശ്ഖീസ് ചെയ്യിച്ച് ഹിസ്സ ജാഇദാദ് അടച്ചു.

അടുത്ത അനുസ്മരണം ഇന്ത്യയിലെ ഒഡിഷ സംസ്ഥാനത്തിലെ കേരംഗ് വാസി ശെയ്ഖ് ഇസ്റാർ അഹ്മദ് സാഹിബിന്റെ മകൻ ശെയ്ഖ് മുബശ്ശിർ അഹ്മദ് സാഹിബ് സൂപ്പർവൈസർ നള്വാമത്തെ തഅ്മീർ ഖാദിയാന്റേതാണ്. അദ്ദേഹവും കഴിഞ്ഞദിവസം കൊറോണ വൈറസ് കാരണത്താൽ വഫാത്തായി. അദ്ദേഹത്തിന് 33 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. പഴയകാല അഹ്മദീകുടുംബത്തിൽപെട്ടയാളാണ്. അങ്ങേയറ്റം സൽസ്വഭാവിയും ദീനീ സേവനത്തിന് എപ്പോഴും സന്നദ്ധനായിട്ടുള്ള ആളുമായ ഖാദിമായിരുന്നു. കുട്ടിക്കാലംമുതലേ മസ്ജിദുമായി പ്രത്യേക ബന്ധമുണ്ടായിരുന്നു. 8 വർഷമായി പരേതൻ ഖാദിയാനിലെ നള്വാമത്തെ തഅ്മീറാത്തിൽ വളരെ നല്ല നിലയിൽ സൂപ്പർ വൈസർ എന്ന നിലയിൽ സേവനം ചെയ്തു വരികയായിരുന്നു. വളരെ ഗൗരവത്തോടെ ജോലി ചെയ്യുന്ന ആളായിരുന്നു. വളരെ ആഴ്ത്തിൽ ചെന്ന് തന്റെ ജോലി നോക്കുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യക്കുപുറമെ മാതാപിതാക്കളും രണ്ടു സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്.

അടുത്ത അനുസ്മരണം സയ്ഫ് അലി ശാഹിദ് സാഹിബിന്റേതാണ്. ഇദ്ദേഹം സിഡ്നിയിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദൈവകൃപയാൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ കുടുംബത്തിൽപ്പെട്ടവരായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരായ ചൗദ്‌രീ മുഹമ്മദ് അലി സാഹിബും ചൗദ്‌രീ ഗാമെ ഖാൻ സാഹിബും. ഇദ്ദേഹം അവരുടെ ദൗഹിത്രനും പ്രദൗഹിത്രനുമായിരുന്നു. ഹയ്ദർ അലി സഫ്ർ സാഹിബ് ഇദ്ദേഹത്തിന്റെ സഹോദരനാണ്. ഇദ്ദേഹം ജർമനിയിലെ മുബല്ലിഗാണ്. ഈയിടെയായി നാഇബ് അമീറാണ്. ഇദ്ദേഹം പറയുന്നു:1961-ൽ ഇദ്ദേഹം മെട്രിക് ചെയ്ത് ഹൈദ്രാബാദിൽ ഉദ്യോഗസ്ഥനായി. അതിനുശേഷം ഞങ്ങൾ രണ്ടുപേരുടേയും വിദ്യഭ്യാസ ചെലവും വഹിച്ചിരുന്നു. ഞങ്ങളുടെ ചെലവുകൾ നിറവേറ്റാറുണ്ടായിരുന്നു. മാതാപിതാക്കളേയും ഇദ്ദേഹം മനസ്സുതുറന്ന് സേവിച്ചു. വളരെ ലളിതപ്രകൃതനും വിനീതനുമായിരുന്നു. കുട്ടികളോടു വാത്സല്യത്തോടും യുവാക്കളോടു സ്നേഹത്തോടും പെരുമാറിയിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും അതിരറ്റ സ്നേഹബന്ധമായിരുന്നു. എപ്പോഴും തന്റെ മക്കളേയും ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും അതിരറ്റ സ്നേഹബന്ധം പുലർത്തണമെന്ന് ഉപദേശിക്കുമായിരുന്നു. ഭാരവാഹികളെ അങ്ങേയറ്റം ബഹുമാനിച്ചിരുന്നു. ഏതെങ്കിലും ഭാരവാഹിക്കെതിരെ എന്തെങ്കിലും പറയുന്നത് ഒരിക്കലും കേൾക്കാനിഷ്ടപ്പെട്ടിരുന്നില്ല. വളരെ ദുആ ചെയ്യുന്ന ആളായിരുന്നു. തഹജ്ജുദ് പതിവായി നമസ്കരിച്ചിരുന്നു. നമസ്കാരം ഭംഗിയാക്കി അനുഷ്ഠിച്ചിരുന്നു. പാക്കിസ്താനിൽ ഇദ്ദേഹമുണ്ടായിരുന്നപ്പോൾ സെക്രട്ടറി മാൽ, സെക്രട്ടറി വഖ്ഫ് ജദീദ് എന്നീ സ്ഥനങ്ങളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് മീർപൂർ ഖാസിലും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് ഇദ്ദേഹത്തെ ജമാഅത്തിന്റെ സ്വദ്റാക്കി നിശ്ചയിച്ചു. ഇമാറത്ത് രൂപീകരിക്കുന്നതുവരെ ഇദ്ദേഹം അവിടെ സ്വദ്റായിരുന്നു. ഡോക്ടർ അബ്ദുൽമന്നാൻ സിദ്ദീഖി സാഹിബിന്റെ ശഹാദത്തിനുശേഷം ഇദ്ദേഹത്തിന് അമീർ മഖാമിയായും ജില്ല അമീറായും സേവനത്തിന് തൗഫീഖ് കിട്ടി. ആസ്ത്രേലിയായിലേക്ക് പോകുന്നതുവരെ ഇദ്ദേഹം അവിടെ മീർപൂർഖാസ് ജില്ല അമീറായിരുന്നു. ഉപസംഘടനകളിലും ഇദ്ദേഹത്തിന് ഒരുപാട് സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു. ഇപ്രകാരം ആസ്ത്രേലിയായിൽ ഖളാബോർഡിന്റെ മെമ്പറായിരുന്നു. നാഇബ് സ്വദ്ർ അവ്വൽ അൻസാറുല്ലാ ആയിരുന്നു. ഇപ്രകാരം ജമാഅത്തിൽ 2016 മുതൽ സെക്രട്ടറി രശ്ത നാത്വാ എന്ന നിലയിലും പ്രവൃത്തിക്കുകയായിരുന്നു. രണ്ടു ആൺമക്കളും അദ്ദേഹത്തിന്റെ ജീവിത കാലത്ത് വഫാത്തായിരുന്നു. വളരെ ക്ഷമയോടെ അദ്ദേഹം ആഘട്ടം തരണം ചെയ്തു. സന്തപ്ത കുടുംബത്തിൽ ഭാര്യക്കുപുറമെ അദ്ദേഹത്തിന് നാലു ആൺമക്കളുണ്ട്.

അടുത്ത അനുസ്മരണം റശീദ് അഹ്മദ് ഹയാത്ത് സാഹിബിന്റെ മകൻ മസ്ഊദ് അഹ്മദ് ഹയാത്ത് സാഹിബിന്റേതാണ്. 80-ാം വയസ്സിലാണ് ഇദ്ദേഹം വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ കുടുംബത്തിലെ ആദ്യ അഹ്മദി ഇദ്ദേഹത്തിന്റെ പിതാമഹനായ ബാബു ഉമർ ഹയാത്ത് സാഹിബാണ്, ചൗദ്‌രീ പീർ ബഖ്ശ് സാഹിബിന്റെ മകൻ. ഉമർ ഹയാത്ത് സാഹിബ് (റ) 1898-ൽ 14-ാമത്തെ വയസ്സിൽ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതാണ്. ആദ്യം ആർമിയിൽ സേവനം ചെയ്യുകയും പിന്നീട് കെനിയയിലേക്ക് പോകുകയുമായിരുന്നു. 1967-ൽ യു.കെ യിലേക്ക് മസ്ഊദ് സാഹിബ് വന്നു. അങ്ങനെ ഇവിടെ സ്ഥിരതാമസക്കാരനായി. വളരെ സൽഗുണപ്രകൃതനും നമ്സാകാര വ്രതാനുഷ്ഠാനങ്ങളിൽ കൃത്യനിഷ്ഠയുള്ള ആളുമായിരുന്നു. സൽപ്രകൃതനും ജനസമ്പർക്കമുള്ളയാളും അതിഥിസൽക്കാരപ്രിയനും കരുണയോടെ പെരുമാറുന്നയാളുമായിരുന്നു. ഇദ്ദേഹത്തിന് രണ്ടുതവണ ഹജ്ജു ചെയ്യാനുള്ള തൗഫീഖ് കിട്ടിയിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) വിവിധസരാജ്യങ്ങളിൽ പര്യടനം നടത്തിയപ്പോൾ ഇദ്ദേഹത്തിന് ഡ്രൈവിംഗ് സെക്യൂരിറ്റി കാര്യങ്ങളിൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. 1983-ൽ വാൽത്താംസ്റ്റോയിൽ (Walthamstow) ബയ്ത്തുൽ അഹദ് മസ്ജിദ് വാങ്ങിച്ചപ്പോൾ അതിൽ ഏറ്റവുമധികം വീതമിട്ടത് പരേതനും ഇദ്ദേഹത്തിന്റെ പരേതയായ ഭാര്യ ത്വാഹിറ ഹയാത്ത് സഹിബയുമായിരുന്നു. അല്ലാഹു ഇദ്ദേഹത്തിനുമേൽ സാമ്പത്തികമായി പ്രത്യേക ഫള്ൽ ചെയ്തിരുന്നു. ധനത്തിന്റെ ഒരുപാട് ഭാഗം ഇദ്ദേഹം അല്ലാഹുവിന്റെ വഴിയിലും ചെലവഴിച്ചിരുന്നു. റെഡ് ബ്രിഡ്ജ് (Red bridge) ഈസ്റ്റ് ലണ്ടന്റെ ജമാഅത്ത് വേറെയായപ്പോൾ ഈ ജമാഅത്തിന്റെ കൈയിൽ തങ്ങളുടെ മസ്ജിദൊന്നുമുണ്ടായിരുന്നില്ല. ഇദ്ദേഹം അതറിഞ്ഞപ്പോൾ തന്റെ വീടിന്റെ ഒരു ഭാഗം ജമാഅത്തിന് വഖ്ഫ് ചെയ്തു. അവിടെ മൂന്നു വർഷംവരെ ജമാഅത്തിന്റെ സെന്റർ പ്രവർത്തിച്ചു. ജമാഅത്തിന്റെ വിവിധ ജോലികളും അവിടെ നടന്നിരുന്നു. ഇദ്ദേഹത്തിന് രണ്ടു ആൺമക്കളാണുള്ളത്. ആദ്യത്തെ ഭാര്യ മരിച്ചുപോയിരുന്നു. രണ്ടാമത്തെ ഭാര്യയും രണ്ട് ആൺമക്കളുമാണുള്ളത്.

അല്ലാഹു ഈ എല്ലാ പരേതാത്മാക്കളോടും മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ മക്കളേയും ജമാഅത്തിനോടു ചേർത്തു നിറുത്തുമാറാകട്ടെ. ഭാവിയിലുള്ള സന്താനങ്ങൾക്കു വേണ്ടി പൂർവപിതാക്കൾ ചെയ്തിട്ടുള്ള ദുആകൾഇവർക്കുവേണ്ടിയും സ്വീകരിക്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ പറഞ്ഞതുപോലെ ജനാസ നമസ്കരിക്കുന്നതാണ്.
*വിവർത്തനം: പി.കെ.അംനാസ്*

★★★★

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 22 July 2021 Issue-29

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

(പേജ് 9 ൽ നിന്ന്)

പുരുഷനും സ്ത്രീയും വെവ്വേറെ നമസ്കരിക്കുകയാണെങ്കിൽ കൂടുതൽ ഉത്തമമായ നിലയിൽ നമസ്കാരത്തിൽ ശ്രദ്ധ നിലനില്ക്കുന്നതാണ്.

■ പത്രപ്രവർത്തകൻ: അമുസ്‌ലിമീങ്ങൾക്കും ഈ മസ്ജിദിൽ ആരാധന നടത്താമോ?

ഹുദൂർ: ഇസ്‌ലാമിക സ്ഥാപകരുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അടുക്കൽ നജറാനിൽനിന്ന് ഒരു ക്രൈസ്തവ സംഘം വന്നു. അവർ നബിയുമായി സംസാരിച്ചുകൊണ്ടിരുന്നു. അവർ കുറച്ച് അസ്വസ്ഥരാകുന്നുവെന്ന് അദ്ദേഹത്തിന് തോന്നി. എന്താണ് കാര്യമെന്ന് അദ്ദേഹം അവരോടു ചോദിച്ചു. സംഘത്തുലുള്ളവർ പറഞ്ഞു:ഞങ്ങളുടെ ആരാധനാ സമയം ആയിരിക്കുന്നു. ഒരു പക്ഷേ, അന്ന് ഞായറാഴ്ചയായിരിക്കും. ഞങ്ങളുടെ മതവും പാരമ്പര്യവുമനുസരിച്ച് ആരാധനനടത്താൻ ഞങ്ങൾക്കു സ്ഥലമില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:നിങ്ങൾ ഞങ്ങളുടെ മസ്ജിദിലാണിരിക്കുന്നത്. ഇവിടെ നിങ്ങൾക്ക് നിങ്ങളുടെ അധ്യാപനങ്ങളനുസരിച്ച് ആരാധന നടത്താവുന്നതാണ്.

ഹുദൂർ പറഞ്ഞു: മസ്ജിദുകൾ നിർമിക്കപ്പെടുന്നത് ആരാധനാകർമങ്ങൾ നിർവഹിക്കാനാണ്. പ്രതാപവാനായ ഏകദൈവത്തെ ആരാധിക്കുന്ന ആർക്കും ഇവിടെ ആരാധന നടത്താൻ അനുവാദമുണ്ടായിരിക്കും. ഇവിടെ ബിംബങ്ങൾ വെക്കാറില്ല. അതുകൊണ്ട് താങ്കൾ ഏകദൈവത്തെ ആരാധിക്കാനാഗ്രഹിക്കുന്നെങ്കിൽ ഇവിടെ നിർവഹിക്കാവുന്നതാണ്. അതുകൊണ്ടാണ് നബി(സ)തിരുമേനിയും ക്രിസ് ത്യാനികൾക്ക് അവരുടെ രീതിയനുസരിച്ച് ആരാധനനടത്താൻ അനുവാദം നല്കിയത്.

മറ്റുസ്ഥലങ്ങളും നോക്കിക്കണ്ടു. മസ്ജിദ് നിലകൊള്ളുന്ന സ്ഥലത്തിന്റെ മൊത്തം വിസ്തീർണം 1683 ചതുരശ്രമീറ്ററാണ്. ഈ സ്ഥലം 2012 ഡിസംബറിൽ രണ്ടുലക്ഷത്തി ഇരുപതിനായിരം യൂറോയ്ക്കാണ് വാങ്ങിച്ചത്. ഡിസംബർ 2014-ൽ ഈ സ്ഥലം ജമാഅത്തിന്റെ പേരിൽ റജിസ്റ്റർ ചെയ്തു.

2015 ഒക്ടോബർ 7ന് ഹുദൂർ തന്റെ ഹോളണ്ട് പര്യടന വേളയിൽ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന് തറക്കല്ലിട്ടു. 2016 സെപ്റ്റംബറിൽ ഔദ്യോഗികമായി അതിന്റെ നിർമാണം ആരംഭിച്ചു. മസ്ജിദിനുവേണ്ടി നിർമിക്കുന്ന ഭാഗം 558 ചതുരശ്ര മീറ്ററാണ്. ഈ മസ്ജിദ് രണ്ടുനിലയായിട്ടാണ് നിർമിക്കുന്നത്.മിനാരത്തിന്റെ ഉയരം 18.5 മീറ്ററാണ്. മസ്ജിദിന്റെ ഗുമ്പദ് വലിയ സൈസിലുള്ളതാണ്. അത് ഫൈബർ ഗ്ലാസുകൊണ്ട് തയ്യാറാക്കപ്പെട്ടതാണ്. ഈ ഗുമ്പദ് അഹ്മദിയ്യ ആർക്കിടെക്റ്റ് ആൻഡ് എഞ്ചിനിയേഴ്സ് അസോസിയേഷൻ പാക്കിസ്താൻ തയ്യാർ ചെയ്ത് അയച്ചതാണ്.

ഒരു മൾട്ടിപർപസ് ഹാളും നിർമിച്ചിട്ടുണ്ട്. മസ്ജിദും മൾട്ടിപർപസ് ഹാളും ഉൾപ്പെടെയുള്ള സ്ഥലത്ത് 200 ലധികം ആളുകൾക്ക് നമസ്കരിക്കാൻ കഴിയും. മുറബ്ബി ഹൗസിന്റെ വിസ്തീർണം111 ചതുരശ്ര മീറ്ററാണ്. ഇതിൽ 3 ബെഡ് റൂമിനും സെറ്റിംഗ് റൂമിനും പുറമെ കിച്ചനും രണ്ടു വാഷ്റൂമുമുണ്ട്. മൾട്ടിപർപസ് ഹാളിന്റെ വിസ്തീർണം 52.5 ചതുരശ്രമീറ്ററാണ്. ഗ്രൗണ്ട് ഫ്ളോറിൽ തദ്ദേശ ജമാഅത്തിന്റെ ഓഫീസും ടെക്നിക്കൽ ഏരിയായും ജമാഅത്തിന്റെ കിച്ചണും ഒരു സ്റ്റോറും നാലു ശുചി മുറികളും വുളു ചെയ്യുന്നതിനുള്ള സ്ഥലവും ഉണ്ടാക്കിയിട്ടുണ്ട്. ഇപ്രകാരംതന്നെ ലജ്നയുടെ ഭാഗത്തും ഒരു സ്റ്റോറും നാലു ശുചി മുറികളും വുളു ചെയ്യുന്നതിനുള്ള സ്ഥലവും ഉണ്ടാക്കിയിട്ടുണ്ട്. മസ്ജിദിന്റെ പുറത്തുള്ള ഏരിയായിൽ പാർക്കിംഗിനുള്ള സൗകര്യവും അടിയുറപ്പോടെ ചെയ്തിട്ടുണ്ട്. ഈ മസ്ജിദിന്റെ നിർമാണത്തിന് ഏകദേശം 18 ലക്ഷത്തി 81 ആയിരം യൂറോ ചെലവായിട്ടുണ്ട്. (തുടരും)

**The Weekly BADR Qadian (Malayalam)**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

ബ്രിട്ടൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ

**ആഭിമുഖ്യത്തിൽ ഏകദിന കായികമത്സരവും ഹദൂറിന്റെ സാന്നിധ്യവും.**

2021 ജൂലായ് 4ന് ടിൽഫോർഡിലെ വ്യൂവർലി ഐബെ സ്കൂളിൽ ബ്രിട്ടൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഏകദിന കായിക മത്സരം സംഘടിപ്പിച്ചു. ഈ കായികമത്സരം കൊറോണ വൈറസിന്റെ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് നടത്തപ്പെട്ടത്. ഇതിൽ രണ്ടാംഘട്ട വാക്സിനുകൾ എടുത്തിട്ടുള്ളവർക്കും സൈറ്റിൽ കൊറോണ വൈറസ് നെഗറ്റീവായിട്ടുള്ളവർക്കും മാസ്ക് ധരിച്ചിട്ടുള്ളവർക്കും അകലം പാലിക്കുന്നവർക്കും മാത്രമാണ് പങ്കെടുക്കാൻ പ്രവേശനനുമതി നല്കിയിരുന്നത്. ഈ കായികമത്സരം സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യം Mercy 4 Mankind എന്നപേരിൽ ജനസേവനം ചെയ്യുന്നതിന് പണം സമാഹരിക്കുക എന്നതായിരുന്നു.

സ്വദ്ർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ബ്രിട്ടൺന്റെ അപേക്ഷ ഹുദൂർ വാത്സല്യത്തോടെ സ്വീകരിച്ച് കളിക്കാർക്ക് ആവേശം പകരുന്നതിന് നേരിട്ടിതിൽ പങ്കെടുക്കുകയും ചെയ്തു. വടംവലി മത്സരം ഫൈനലും സ്ലോസൈക്കിൾ മത്സരവും ഹുദൂർ കണ്ടു. ഹൂദൂർ സ്ലോസൈക്കിൾ മത്സരത്തിൽ വിജയിച്ച മസ്റൂർ റീജണുമായി ബന്ധപ്പെട്ട ഖാദിം ജാദിബ് ചീമ സാഹിബിനെ പ്രശംസിച്ചു. അദ്ദേഹത്തിന്റെ പേര് ചോദിച്ചറിഞ്ഞു.

അതിനുശേഷം റീജണൽ ഖാഇദുമാരും നാഷണൽ ആമിലായും തമ്മിലുള്ള പ്രദർശന മത്സരവും നടന്നു. ഹുദൂർ വാത്സല്യത്തോടെ മത്സരത്തിന്നിടയിൽ പറഞ്ഞു: റീജണൽ ഖാഇദുമാർ അല്പം ഉറച്ചുനിന്നാൽ ജയിക്കുന്നതായിരിക്കും. അങ്ങനെതന്നെ നടന്നു. റീജണൽ ഖാഇദുമാരുടെ ടീം മത്സരത്തിൽ വിജയിച്ചു.

ഏകദേശം 7 മണിക്ക് ഹുദൂർ ദുആ ചെയ്യിച്ചു. തിരിച്ച് ഇസ്‌ലാമാബാദിലേക്ക് പേകുകയും ചെയ്തു. 2020 മാർച്ചിൽ കൊറോണ ലോക്ഡൗണിന്റെ അവസ്ഥ രൂപം കൊണ്ടതിനുശേഷം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ആദ്യമായി പങ്കെടുത്ത പൊതുപരിപാടിയായിരുന്നു ഇത്.

ശരീഫ് റീജണിലെ മച്ചിം പാർക്ക് മജ്‌ലിസിലെ നുഅ്മാൻ അഹ്മദ് തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:അൽഹംദുലില്ലാഹ് കുറേ കാലങ്ങൾക്കുശേഷം നമ്മുടെ പ്രിയങ്കരനായ ഹുദൂർ നമ്മുടെയിടയിൽ സന്നിഹിതരായി. ഹുദൂർ അൻവർ വന്നപ്പോൾ മലക്കുകളുടെ ഒരു സൈന്യം നമ്മുടെ സദസ്സിൽ വന്നുചേർന്നതായാണ് തോന്നിയത്. ഞാനെന്നെ നോക്കുമ്പോൾ ഇതിന്നർഹനായി എന്നെ മനസ്സിലാക്കുന്നില്ല. പക്ഷേ, മുഴുലോകത്തിന്റേയും ഇമാമും കാലത്തിന്റെ ഖലീഫയുമായ പ്രിയങ്കരനായ ഹുദൂറാണ് നമ്മുടെ ഇടയിൽ സന്നിഹിതനായിരുന്നത്. ഇക്കാര്യം ചിന്തിച്ച് ഞാൻ നല്ലവണ്ണം ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നു. എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ എന്റെ കൈയിൽ വാക്കുകളില്ല.

അല്ലാഹു നമ്മുടെ പ്രിയപ്പെട്ട ഹുദൂറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. റൂഹുൽഖുദുസ്സു മുഖേന ഓരോ നിമിഷവും തുണയേകിക്കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ. *(നന്ദിയോടെ, വെബ്സൈറ്റ് അൽഫള്ൽ ഇന്റർ നാഷണൽ ലണ്ടൻ)*

❖❖❖

AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.

AHMADIPEDIA

Search

(പേജ് 1 ൽ നിന്ന്)

നിയമങ്ങളെ മാറ്റേണ്ട ആവശ്യം വന്നുകൊണ്ടേയിരിക്കുന്നു. എന്നാൽ, ഇസ്‌ലാം ആരംഭംമുതലേ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് പറഞ്ഞു. പിന്നീട് അതിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല. എന്നാൽ, വ്യാജമതങ്ങളിൽ അടിസ്ഥാന തത്ത്വങ്ങൾ എപ്പോഴും മാറ്റേണ്ടിവരും. ഉദാഹരണത്തിന് ബഹാഇകളെ നോക്കുക. ഇറാനിൽപോയാൽ അവിടെ ബഹാഇയത്തിന്റെ അധ്യാപനം മറ്റൊരു തരത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. കാരണം അവിടെ ശിയാക്കളുണ്ട്. സുന്നീ രാജ്യങ്ങളിൽ ഇതേ മതത്തിന്റെ അധ്യാപനം വേറൊരു വിധത്തിൽ അവതരിപ്പിക്കപ്പെടുന്നു. ഇപ്രകാരം ഇംഗ്ലണ്ടിലെ ആളുകൾ സ്വീകരിക്കാൻ തയ്യാറാകുന്ന വിധത്തിലുള്ള കാര്യങ്ങളാണ് അവിടെ അവതരിപ്പിക്കപ്പെടുന്നത്. ഞാൻ ഇംഗ്ലണ്ടിൽ പോയപ്പോൾ ബഹാഇകളിൽപ്പെട്ട ഒരു സ്ത്രീ ഞാനുമായി സംസാരിച്ചു. ഞാൻ അവരോടു ബഹാഉല്ലാഹ് എന്തു പുതിയ കാര്യമാണ് അവതരിപ്പിച്ചിട്ടുള്ളതതെന്ന് ചോദിച്ചു. അവർ പറഞ്ഞു: ഒരു വിവാഹം മാത്രമെ കഴിക്കാവൂ എന്ന് ബഹാഉല്ലാഹ് പറഞ്ഞിരിക്കുന്നു. ഞാൻ പറഞ്ഞു:അദ്ദേഹം തന്നെയും രണ്ടുവിവാഹം കഴിച്ചിട്ടുണ്ടല്ലോ? ആദ്യം അവർ അത് നിഷേധിച്ചു. പിന്നീട് അത് വാദത്തിനുമുമ്പേയായിരുന്നുവെന്ന് പറഞ്ഞു. ഞാൻ പറഞ്ഞു, അദ്ദേഹം നഊദുബില്ലാഹ് സ്വയം ദൈവം ആയിരുന്നസ്ഥിതിക്ക് 'ആദ്യം പിന്നീട്' എന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ലല്ലോ? അദൃശ്യങ്ങൾ അറിയുന്ന അസ്തിത്വ മുമ്പേയും പിമ്പേയും എന്ന ഒരു അർഥവും ഉൾക്കൊള്ളുന്നില്ല. താൻ ഭാവിയിൽ എന്തു അധ്യാപനമാണ് നല്കാൻ പോകുന്നതെന്ന് ആദ്യംതന്നെ അദ്ദേഹത്തിന് അറിവുണ്ടാകേണ്ടതായിരുന്നു. ഇപ്രകാരംതന്നെ അയാൾ തന്റെ വാദത്തിനുശേഷം തന്റെ മകനായ അബ്ബാസിന് രണ്ടു വിവാഹം കഴിക്കാൻ അനുമതി നല്കി. കാരണം അയാൾക്ക് മക്കളില്ലായിരുന്നു. അപ്പോൾ ആ സ്ത്രീയുടെ ചെവിയിൽ ഒരു ഇറാനീ ബഹാഇ സ്ത്രീ പതുക്കെ പറഞ്ഞു:രണ്ടാമത്തെ ഭാര്യയെ ബഹാഉല്ലാ സഹോദരിയാക്കിയിരുന്നു. ഇക്കാര്യം ആ ഇംഗ്ലീഷ് സ്ത്രീ അങ്ങനെതന്നെ പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു:ബഹാഉല്ലായുടെ വാദത്തിനുശേഷം രണ്ടുഭാര്യമാരിലും മക്കളുണ്ടായിട്ടുണ്ട്. അപ്പോൾ സഹോദരിമാരിലും കുട്ടികളെ ഉണ്ടാക്കിയിരുന്നോ? അപ്പോൾ അവർ അത്ഭുതപ്പെട്ട് തന്റെ സ്നേഹിതയോടു ചോദിച്ചു, വാദത്തിനുശേഷം രണ്ടാമത്തെ ഭാര്യയിൽ മക്കളുണ്ടായിക്കൊണ്ടിരുന്നുവോ? ഉണ്ടായിട്ടുണ്ടെന്ന് അവർ പറഞ്ഞപ്പോൾ സദസ്സിൽ ചിരിയുയർന്നു. ഇപ്പോഴാണ് ഇവർ സഹോദരി എന്നു പറഞ്ഞത്, ഇപ്പോൾത്തന്നെ അദ്ദേഹത്തിന് അക്കാലത്ത് കുട്ടികളുണ്ടായിരുന്നുവെന്നും സമ്മതിച്ചിരിക്കുന്നു. ചുരുക്കത്തിൽ ബഹാഇകൾ ഓരോ രാജ്യത്തുംപോയി വെവ്വേറെ നിയമങ്ങളാണുണ്ടാക്കുന്നത്. ഇതേ അവസ്ഥതന്നെയാണ് ക്രിസ്ത്യാനികളുടേതും. അവരുടെ മതഗ്രന്ഥങ്ങളിൽ പരസ്യമായ നിലയിൽ ഓരോ മതത്തിന്റേയും മുമ്പിൽ മസീഹ്(അ)നെ ഏതു രീതിയിലാണ് അവതരിപ്പിക്കേണ്ടതെന്നുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ആരംഭകാലത്തെ ക്രൈസ്തവമതത്തിൽ റോമക്കാർ ശബ്ബത്ത് ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ക്രൈസ്തവർ അവർക്കുവേണ്ടി ശബ്ബത്ത് ഞായറാഴ്ചയാക്കി നിശ്ചയിച്ചു. ഇതിനെതിരിൽ ഇസ്‌ലാമിനെ നോക്കുക. ആരംഭംമുതൽ ഈ സമയംവരെ എല്ലാ അധ്യാപനങ്ങളും ഒരേയൊരു വേരിലാണ് നിലകൊള്ളുന്നത്. കുറയ്ക്കുന്നതിനോ കൂട്ടുന്നതിനോ ആവശ്യം വന്നിട്ടില്ല. (തഫ്സീറെ കബീർ, വാള്യം 3, പേജ് 476, 2010 ഖാദിയാൻ പ്രസിദ്ധീകരണം) ❊❊❊❊

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin